IAPC ALBERTA
# CHRONICLE

A bilingual biannual E-Magazine with versatile outlook

Issue No. 03 - June 2021

# Post Covid World



## INDO AMERICAN PRESS CLUB
## ALBERTA CHAPTER

# *Celebrate your special moments with us!*








**Here's a great opportunity to celebrate the special occasions of your loved ones!**
If you would like to publish your Birthday, Wedding Anniversary, Obituary etc. in the IAPC Alberta Chronicle, please contact us at **iapcalberta@gmail.com** or call us at **+1 587 777 8182**



## FROM THE
# CHIEF EDITOR

I am extremely happy to place before you the third edition of the IAPC Alberta Chronicle. It was a bit challenging during the unprecedented time of the world-wrecked Covid Pandemic. The last year saw the world undergoing tremendous changes in every field of human endeavour, education, health services, businesses and agriculture.

As part of the Chronicle expansion, and to give a platform to showcase and express their creative talents to the world, we plan to reach the next edition of the Chronicle covering all chapters across Canada and the United States. I am certain that with the wholehearted support of our members the next edition will be a grand success.

It gives immense pleasure that the world, which has been clenched by a tiny virus for a year and a half, is slowly but steadily returning to a new normal. Our future lives will not be like it was before because the pandemic has forced us to make drastic changes in our social and cultural life. All government officials around the world immersed in inoculation would definitely give a glimmer of hope to dissipate the Pandemic in the near future.

On behalf of Indo American Press Club, I register my heartfelt condolences to all families among us who have lost their dear ones and extend deepest condolences to the families of the 3.9 million people worldwide who lost their lives in the Pandemic so far.

We would do well to remember the lessons we have learnt while living with the pandemic. To lead a healthy life, we have to stop polluting the environment, give greater attention to what we eat and drink and how we exercise. We have also to give priority to both rest and leisure in our lives. Perhaps the most important lesson the Pandemic taught us is that human beings are the same the world over and we have to cooperate and support each other more and more.

**Rijesh Peter**
IAPC ALBERTA CHRONICLE

IAPC ALBERTA CHRONICLE

**Chief Editor**
Rijesh Peter

**Editorial Assistants**
Dr. Mathew joys
Joseph John
Vivik Irumbuzhi
Dr. Aann Abraham
Dr. PV Baiju
Joby C. Abraham
Stalin Bavakkatt
Sreekumar Chandrasekhar
Shahitha Rafeek
Renjith Senan

www.iapcalberta.com

**Produced & Published by**
Indo American Press Club
P.O. Box #232, East Meadow,
New York - 11554, USA
www.indoamericanpressclub.com



IAPC Alberta Chronicle is a publication of the (IAPC) Alberta Chapter on behalf of Indo American Press Club. We do not endorse the use of information contained in this document to be used for soliciting business, professional services and/or mass marketing advertisers.

Articles published in this E-Magazine are exclusively the views of the authors. Neither the editor or the publisher are responsible or liable for the contents, objectives or opinions of the articles in any form.

All images and advertisements as seen in this E-Magazine are created exclusively for the purpose of use in this publication only. All rights reserved.


# CONTENTS




**ROLE OF BIOTECHNOLOGY AMIDST COVID-19** 8

Biotechnology can create novel diagnostics, vaccines, drugs, and other medical countermeasures needed to detect, prevent and treat infectious...



**OXYGEN CRISIS IN INDIA** 10

The problem is not a shortage of Medical Oxygen but the supply chain of delivering it to the patient...

**സത്യം പറഞ്ഞ വിദേശി** 16

പൊതുവെ സ്ത്രീകൾ വീട്ടു ജോലിക്കാരിയുടെ അല്ലെങ്കിൽ അടുക്കളപ്പണിക്കാരിക്ക് പകരമായാണ് വിവാഹം...

**CONSPIRACY PROPORTION OF 80:20** 20

Minority reservation in Kerala and the ratio of 80:20 is an issue that has caused a lot of misunderstanding...

**വിദേശവിചാരങ്ങൾ (ഭാഗം 1)**

വിദേശമലയാളിയും കൂട്ടായ്മയുടെ രാഷ്ട്രീയവും 24

ഡേവിഡും, കോവിഡും പിന്നെ എതിർ സ്ഥാനാർത്ഥിയും 28

പടിയിറക്കം 30

ഗൃഹാതുരതയുടെ കാൻവാസിൽ വർണ്ണരാജി വിരിയിച്ച് സുജ 31

**R. K. NARAYAN**
Who gave us Malgudi days and many more 33

ബ്ലാക്ക് വോൾസ്ട്രീറ്റ് കത്തിച്ചാമ്പലാക്കിയതിന്റെ ശതവാർഷികം 42

കടപയാദി 47

# Editorial Team



**Rijesh Peter**



**Joseph John**



**Vivik Irumbuzhi**



**Dr. Aann Abraham**



**Dr. PV Baiju**



**Joby C Abraham**



**Sreekumar Chandrasekhar**




**Stalin A Bavakkatt**



**Shahitha Rafeek**



**Renjith Senan**




Another great edition from IAPC Alberta Chronicle's Issue No: 2 and the content are beyond sublime and comparable with many other publications we have seen come out of North America. Hope to see more and more future excellent as well as inspiring content. Credit to Chief editor Rijesh Peter and all the Editorial board for opening a great platform being created for up-and-coming writers from this region. Keep up the good work and best wishes.

**Sandeep Sam Alexander**
**Calgary, CANADA**

കാനഡയിലെ മലയാളികളുടെ സർഗവാസനയെ പരിപോഷിപ്പിക്കാനുള്ള ഒരു ഇടമായി ഐ എ പി സി ക്രോണിക്കിൾ വളരുന്നതിൽ സന്തോഷമുണ്ട്. വർ ഷങ്ങൾക്കുശേഷം കാന ഡയിലെ കുടിയേറ്റ ചരിത്രം എഴുതപ്പെടുമ്പോൾ, ഈ മാസികയും നിസംശയം അതിൽ രേഖപ്പെടുത്തപ്പെടും. ഓരോ പതിപ്പും പുറത്തിറക്കാൻ സന്നദ്ധസേവനം ചെയ്യുന്ന എല്ലാവർക്കും അഭിനന്ദങ്ങൾ!

**Dr. PV Baiju**
**Member of IAPC**
**Director Board,**
**Edmonton, CANADA**

ഐഎപിസി ആൽബെർട്ട ക്രോണിക്കിളിന്റെ 2-ാം ലക്കം പതിപ്പ് മുഴുവൻ ഞാൻ വായിക്കുകയുണ്ടായി. വളരെ ഹൃദ്യമായ അനുഭവമാണ് എനിക്ക് ലഭിച്ചത്. എല്ലാ കവിതകളും ലേഖനങ്ങളും ഒന്നിനൊന്ന് മെച്ചമായിരുന്നു. എങ്കിലും എന്റെ മനസ്സിൽ കയറിപറ്റിയത് കൊച്ചുകുരുന്നുകളുടെ ചിത്രരചനാ കലാവിരുതായിരുന്നു. കൂടാതെ കോവിഡ് അതിവ്യാപനം തടയുക എന്ന ലേഖനവും എനിക്ക് വളരെയധികം ഇഷ്ടപ്പെട്ടു. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാ എഡിറ്റോറിയൽ സുഹൃത്തുക്കൾക്കും എന്റെ നന്ദി പ്രകാശിപ്പിക്കുന്നതോടൊപ്പം അടുത്ത ലക്കം ഇതിലും ഗംഭീരമായി ഭവിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

**Binoj Menon**
**Vice-President**
**IAPC Alberta, Edmonton, CANADA**




# We Need You!

## ARE YOU AN ASPIRING YOUNG WRITER OR AN ARTIST?

### HERE'S YOUR CHANCE!

Do you love writing, art, or photography, and are between the ages of 5 to 18? Would you like to be published in the IAPC ALBERTA CHRONICLE? It might just be published in an upcoming issue!

We are looking to encourage our new generation of writers and artists to showcase their talents. ALBERTA CHRONICLE would be a tremendous platform for many youngsters to exhibit their creativity and intelligence. If you are eager to see your work published, or know of a young person who is, submit your story and drawings to **iapcalberta@gmail.com**

*For story contributors under the age of 18, please note that a parental permission will be required prior to publication if your material is selected to appear for publication. Final decision would be upon IAPC Alberta Chronicle editorial team for the selection, editing and publication of the stories and drawings and there wont be any timeframe guaranteed to publish your contents.*

IAPC ALBERTA CHRONICLE

www.iapcalberta.com




**ഡോ: എസ്. എസ്. ലാൽ**

(ലോകാരോഗ്യ സംഘടന ക്ഷയരോഗത്തിൻറെ നയപരവും സാങ്കേതികവുമായ കാര്യങ്ങൾ ചർച്ച ചെയ്യാൻ എല്ലാ വർഷവും ജനീവയിൽ നടത്തുന്ന യോഗത്തിന് 2019 ൽ വന്നപ്പോൾ എഴുതിയത്. ഡോ.ലാൽ കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ ആരോഗ്യ വിഷയങ്ങളിൽ ഇടപെടുകയും ചാനൽ ചർച്ചകളിലും വേദികളിലും സജീവമായി നിലകൊള്ളുന്ന വ്യക്തിപ്രഭാവമാണ്)

# ക്ഷയരോഗം ചികിത്സിച്ചു മാറ്റാം

**Dr. SS Lal**
IAPC National Executive Committee President

**ലോകാരോഗ്യ** സംഘടനയുടെ കണക്കനുസരിച്ച് ലോകത്ത് ഏറ്റവും കൂടുതൽ പേ ർക്ക് ക്ഷയരോഗം ഉണ്ടാകുന്ന രാജ്യം ഇന്ത്യയാണ്. 2017 - ൽ 27 ലക്ഷത്തിലധകം പേർക്ക് ഇന്ത്യയിൽ ക്ഷയരോഗമുണ്ടായതായി കണക്കാക്കുന്നു; ലോകത്ത് മൊത്തം ഉണ്ടായതിന്റെ 27 ശതമാനം. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ക്ഷയരോഗം കുറവാണ്. എങ്കിലും പ്രതിവർഷം ആയിരക്കണക്കിന് പേർക്ക് കേരളത്തിലും ക്ഷയരോഗമുണ്ടാകുന്നു.

കൂടുതൽ പേർക്കും ശ്വാസകോശത്തിലാണ് ക്ഷയരോഗം വരുന്നത്. മറ്റവയവങ്ങളിലും ക്ഷയരോഗം വരാം.


യഥാസമായത്ത് കണ്ടുപിടിക്കുകയും ഡോക്ടർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള മരുന്നുകൾ കൃത്യമായി കഴിക്കുകയും ചെയ്താൽ ക്ഷയരോഗം ചികിത്സിച്ചു മാറ്റാൻ കഴിയും.

രണ്ടാഴ്ചയിലധികം നീണ്ടുനിൽക്കുന്ന ചുമ (കഫത്തോടെയുള്ളത്), കഫത്തിൽ രക്തത്തിൻറെ സാന്നിദ്ധ്യം, നെഞ്ചുവേദന, പനി, ക്ഷീണം, ശരീരഭാരം കുറയുക, രാത്രിയുള്ള വിയർപ്പ് എന്നിവ ശ്വാസകോശത്തിലെ ക്ഷയരോഗത്തിന്റെ ലക്ഷണങ്ങളാകാം. ഇത്തരം ലക്ഷണങ്ങൾ ഉണ്ടായാൽ മെഡിക്കൽ ഡോക്ടറെ കാണുക.

പരിശോധനയിൽ ക്ഷയരോഗമാണെന്ന് ഡോക്ടർക്ക് സംശയം തോന്നിയാൽ ലബോറട്ടറി ടെസ്റ്റുകൾ നിർദ്ദേശിക്കും. രാജ്യത്തെ ക്ഷയരോഗ നിയന്ത്രണ പരിപാടി അനുശാസിക്കുന്ന പരിശോധനകളാണ് നിർദ്ദേശിക്കുക. ക്ഷയരോഗമാണെന്ന് കണ്ടെത്തിയാൽ ഡോക്ടർ മരുന്നുകൾ നിർദ്ദേശിക്കും. ആദ്യമായി ക്ഷയരോഗം പിടിപെട്ട ഒരാൾക്ക് സാധാരണ ഗതിയിൽ ആറുമാസമാണ് ചികിത്സ. മരുന്നുകളെ പ്രതിരോധിക്കാൻ കഴിയുന്ന രോഗാണുക്കളാണ് ശരീരത്തിൽ ഉള്ളതെന്ന് നിർണ്ണയിക്കപ്പെട്ടാൽ ചികിത്സ വ്യത്യസ്തമായിരിക്കും.

വൈകിപ്പോകാതെ രോഗം കണ്ടുപിടിക്കുകയും ഡോക്ടറുടെ ഉപദേശാനുസരണം മുഴുവൻ കാലയ ളവും മുടങ്ങാതെ മരുന്നു കഴിക്കുകയും ചെയ്താൽ ക്ഷയരോഗത്തിൽ നിന്നും പൂർണ്ണ വിമുക്തിനേടുക സാദ്ധ്യമാണ്. സർക്കാർ ആശുപത്രികളിൽ നിന്നും തെരഞ്ഞെടുത്ത സ്വകാര്യാശുപത്രികളിൽ നിന്നും ഏറ്റവും നിലവാരമുള്ള മരുന്നുകൾ ചികിത്സയുടെ മുഴുവൻ കാലത്തേയ്ക്കും സൗജന്യമായി ലഭിക്കും.

ലോകത്തു നിന്നും ക്ഷയരോഗത്തെ പൂർണമായും തുടച്ചു നീക്കുക എന്നത് ഒരു ദീർഘകാല പദ്ധതിയാണ്. 2035 വർഷത്തോടെ ഈ രോഗത്തെ ഒരു പ്രധാന പൊതുജനാരോഗ്യ പ്രശ്നമല്ലാതാക്കുക എന്നതാണ് ലോകാരോഗ്യ സംഘടന ലക്ഷ്യമിടുന്നത്. ■



# ROLE OF BIOTECHNOLOGY AMIDST COVID -19



**Anagha S,**
is an Assistant Professor in Biotechnology, School of Medical Education, Kottayam, Kerala, India

**Biotechnology can create novel diagnostics, vaccines, drugs, and other medical countermeasures needed to detect, prevent and treat infectious diseases. Biotechnologists around the world are actively working to combat the pandemic. They have been using different technologies to develop cheap diagnostics, repurpose existing antiviral, discover new drugs and create safe and effective vaccines.**

The highly contagious coronavirus (COVID 19) outbreak that started in the Chinese city of Wuhan has spread throughout the world, affecting several countries and endangered millions of lives. The nationwide lockdowns imposed due to the COVID 19 pandemic heavily disrupt the global supply chain and international trade, affecting the livelihood of millions of people. Our only savior now is science and its application by the Biotechnology industry. This global demand for vaccines and drugs for covid could be a potential factor that can cause the growth of the biotech industry to a significant level.

The coronavirus pandemic has highlighted the promising role of biotechnology. Biotechnology is the branch of applied science that utilizes living organisms and their derivatives to produce products and processes. Biotechnology involves understanding how living organisms function at the molecular level. It combines several disciplines, including biology, chemistry, physics, mathematics, science, and technology. Scientific developments in biotechnology can offer solutions to address global challenges such as combating the spread of infectious diseases, environmental pollution, crop yield, etc. Biotechnology can create novel diagnostics, vaccines, drugs, and other medical countermeasures needed to detect, prevent and treat infectious diseases. Biotechnologists around the world are actively working to combat the pandemic. They have been using different technologies to develop cheap diagnostics, repurpose existing antiviral, discover new drugs and create safe and effective vaccines.

The impact of COVID 19 vaccines on the pandemic will depend on several factors. These include the effectiveness of the vaccines, how quickly they are approved, manufactured, and delivered, the possible development of other variants, and how many people get vaccinated. The COVID 19 vaccines produce protection against the disease due to developing an immune response to the virus. Developing immunity through vaccination means there is a reduced risk of developing the illness and its consequences. This immunity helps you fight the virus if exposed. In the past, vaccines have been developed through a series of complex steps that take many years. Generally, vaccine development involves years of research, where a vaccine candidate is evaluated in animals for its safety and efficacy. After the vaccine candidate passes a pre-clinical trial, it enters the clinical trial phase. These processes take at least 10-15 years. Given the urgent need for COVID19 vaccines, unprecedented financial investments and scientific collaborations are changing how vaccines are developed. This means that some of the research and development process steps have been happening simultaneously while still maintaining strict clinical and safety standards. For instance, some clinical trials are evaluating multiple vaccines at the same time. However, this does not make the studies any less rigorous. While scientists have worked round the clock in the laboratory, even regulatory approvals, which used to take several months, have been fast-tracked. It helped to eliminate all the time lapses between the pre-clinical and clinical trial stages. At present, at least 13 vaccines have been administered worldwide. The first mass vaccination program started in early December 2020. WHO has listed 287 candidate vaccines, of which 102 have entered the clinical trial phase. Also, WHO has sanctioned emergency use of Pfizer/BioNtech vaccine, the AstraZeneca/Oxford vaccine, Johnson & Johnson Janssen/Ad26.COV 2 vaccine, the Moderna COVID-19 vaccine, and the Sinopharm COVID-19 vaccine. Besides, other vaccines like Covaxin from India and Sputnik V from Russia are also being administered in various countries.

**This pandemic has unveiled the importance of a biotechnologist and their industry in the society. We should create much more awareness in ordinary people about biotechnology and its significant role in our daily lives. Government and other authorizing bodies also need to understand the importance of these industries, the importance of researchers, scientists, biotechnologists, their requirements, problems, and challenges.**

This pandemic has unveiled the importance of a biotechnologist and their industry in the society. We should create much more awareness in ordinary people about biotechnology and its significant role in our daily lives. Government and other authorizing bodies also need to understand the importance of these industries, the importance of researchers, scientists, biotechnologists, their requirements, problems, and challenges. These professionals, along with doctors, nurses, and other health workers, are taking the life risk to serve humankind. ■



# LET THIS BE THE LAST MEDICAL OXYGEN CRISIS IN INDIA

**THE PROBLEM IS NOT A SHORTAGE OF MEDICAL OXYGEN BUT THE SUPPLY CHAIN OF DELIVERING IT TO THE PATIENT BEDSIDE IN A HOSPITAL.**



**Prof. Joseph M. Chalil**
MD, MBA, FACHE
Chairman, IAPC

International media is filled with headlines such as "Indian COVID-19 Patients Die as Ventilators Run Out of Oxygen" and showing images of people with empty oxygen cylinders crowding refilling facilities in Uttar Pradesh for their relatives in hospitals. The last such news was from Pakistan in December 2020 when six COVID-19 patients died in Khyber teaching hospital in Peshawar.

India has a daily production capacity of at least 7,100 tons of oxygen, including for industrial use, which appears to be more than enough to meet current demand. The problem is not a shortage of medical oxygen but the supply chain of delivering it to the patient bedside in a hospital. A routine site at all major Indian hospitals is the large oxygen cylinders delivering oxygen to patients at the bedside. Yet this is something you never see in a western hospital. All American hospitals have central piping, which delivers oxygen to the patient bedside from a Pressure Swing Adsorption (PSA) Oxygen Plant attached to each hospital. This is one of the building permit requirements for a new hospital in the USA. Medical oxygen can easily be manufactured from surrounding air.

Among the most significant challenges early in the COVID-19 Pandemic was the shortage of essential supplies like personal protective equipment (PPE) and ventilators. These products are tied to supply chains that stretch worldwide, and the Pandemic highlighted their fragility and susceptibility to significant disruptions. As China, a leading global exporter, dealt with the Pandemic in its early days, it was forced to shut down manufacturing, leaving the rest of the world scrambling to address its rapidly shifting supply needs.

Prime Minister Narendra Modi has also given a call for self-reliance – an 'Aatmanirbhar Bharat' where he talks of integrating India with the world moving away from isolation but from a position of internal strength. The aim is to make India and its citizens independent and self-reliant in all senses. Mr. Modi further outlined five pillars of Aatma Nirbhar Bharat – Economy, Infrastructure, System, Vibrant Demography, and Demand. India demonstrated its ability to go from producing zero PPE kits pre- COVID to producing millions of kits and exporting them today as a result of the COVID-19 Pandemic. Let us also make our hospitals self-reliant in Medical Oxygen production.

**AirSep Corporation of New York has installed PSA Medical Oxygen Systems in more than 4,500 hospitals in nearly 50 countries worldwide, including several hospitals in India, to meet their central pipeline and other oxygen needs.**

### A vision for the future of health-conscious manufacturing

A supply chain that depends on domestic manufacturing is part of our strategic healthcare plan for the future. In the book *Beyond the COVID-19 Pandemic*, we outline a 33-33-33 Buy Local Policy, which involves increased purchases of local products while




**An oxygen plant in Government Amrit Kaur Hospital in Beawar. As the second wave of coronavirus disease surges across the country demand for oxygen in hospitals increased in recent times.**

allowing purchasers flexibility to tap into the global marketplace. In the plan, healthcare systems would be required to buy 33% of their products locally within their region, 33% of their products within the country, and 33% from outside. This policy aims to create a flexible supply chain that could be ramped up to deal with emergencies.

Self-reliance has always been an Indian (The Swadeshi Movement) virtue and the key to India's success and development. Suppose one supply chain is cut off due to war, natural disaster, or bioterrorism; there are other options to maintain and sustain supply chains. This will also ensure that the dependency on one particular source for anything essential is minimized. Domestic manufacturing is vital for job creation and a strong economy, and it's also essential for national security.

AirSep Corporation of New York has installed PSA Medical Oxygen Systems in more than 4,500 hospitals in nearly 50 countries worldwide, including several hospitals in India, to meet their central pipeline and other oxygen needs. These generators and plants operate automatically to supply patient, surgical, and critical care units in medical facilities, military field hospitals, on-site emergency preparedness centers, and disaster-relief efforts. There are several other manufacturers with similar technologies.

Supply chain policy does not have to be an all-or-nothing proposition. That is to say, we should neither import everything nor should we import nothing. Currently, however, we are too reliant on imports in some areas, which hurt us during the early days of this Pandemic. More steps must be taken to create reserves of supplies and manufacturing capacity, similar to the U.S. strategic oil reserves or the Indian strategic food reserves.

India should invest in mobile containerized, turnkey packaged oxygen systems that are ideal for



**An elder person infected with Covid 19 disease. Patient inhaling oxygen wearing mask with liquid Oxygen flow**

**Self-reliance has always been an Indian (The Swadeshi Movement) virtue and the key to India's success and development. Suppose one supply chain is cut off due to war, natural disaster, or bioterrorism; there are other options to maintain and sustain supply chains.**

locations where a compressed air supply is limited or unavailable. These units can be truck mounted and moved to areas of shortage or pandemic hot spots. Containerized units can also be used for military applications as well. The oxygen generator within a containerized unit produces oxygen from an air compressor that is included in the package. These rugged systems can perform in extreme temperatures, high humidity conditions, and at high elevations.

Let this be the Last Medical Oxygen Crisis in India. Let us not scramble our resources; purchas-




**Medical Oxygen Gas Plant, in Thane West, Thane, Maharashtra, India**

ing compressed liquid oxygen from Russia or China, which at best is a temporary fix but will arrive too late for our patients' bedside in Delhi. Let us retrofit our hospitals with central oxygen piping and support installing hospital oxygen plants and backup systems. Domestic production policies of all medical supplies will lead to job creation and positively impact the environment, reducing the distance oxygen and other supplies must travel from manufacturer to end-user. Local production is also a necessary part of national defense in a world where bioterrorism is an ever-present possibility—the military, for its part, has demonstrated the importance of not centralizing any aspect of its supply chain to one region or country.

India can lead the way globally by building supply chains that incorporate local manufacturing that can be ramped up to address critical needs. This goal recognizes that global supply chains can be broken, and alternatives need to be in place. When countries take these lessons and models to heart and use them to craft policy, their citizens can benefit from a common-sense approach that empowers us to mitigate challenges—everything from a natural disaster or political upheaval to a once-in-a-100-year pandemic.

***Prof. (Dr.) Joseph M. Chalil is an Adjunct Professor & Chair of the Complex Health Systems advisory board at Nova Southeastern University's School of Business; Chairman of the Indo-American Press Club, and The Universal News Network publisher.***

***He recently published a Best Seller Book – "Beyond the COVID-19 Pandemic: Envisioning a Better World by Transforming the Future of Healthcare."***

# നൊമ്പരക്കൊലുസ്സ്



Mincy Padamadan
Edmonton

ഇടറുമോർമ്മയിൽ കൊലുസ്സിന്റെ കൊഞ്ചലായ്
ചിതറിവീണോരു തരിവളച്ചന്തമായ്
ഇരവുവീണുടഞ്ഞുറയുന്ന രാവിതിൽ
നറുനിലാവിൻ നനുത്തൊരു വെട്ടമായ്
കുളിർ ചൊരിയുമീയാർദ്രമാമോർമ്മകൾ
നിറയെ നീമാത്രമറികയെന്നോമനേ.

അകലെയേതോ മുകിലിൻ മറവിലാ-
യഴലകന്നുനീ കളിയിൽ മുഴുകിലും
അരികിലെപ്പോഴുമുണ്ടു നീ, നിന്റെയാ
അരുമയാം മൃദുസ്പർശമറിവൂ ഞാൻ
കനവുറങ്ങുമെൻ കൺകളിൽ നിന്റെ പാൽ-
ച്ചിരിയിലായന്നുവിരിയും നുണക്കുഴി.

പിച്ചവെച്ചു നടന്ന മണൽത്തരി
പോലുമെന്നോട് ഗദ്ഗദം പങ്കിടേ
കണ്ണുനീർതൂകിയെന്നലമാരയിൽ
കുഞ്ഞുടുപ്പുകൾ നിൻ കളിക്കോപ്പുകൾ.

കനവു തുന്നി കസവിൻ പുടവയും
കനക മാല്യവും കതിർ മണ്ഡപങ്ങളിൽ.
വന്നതില്ല നീ ചാർത്തുവാനെങ്കിലും
സ്നിഗ്ദ്ധമാം നിന്റെ സീമന്തരേഖയിൽ
കുങ്കുമം തൊട്ടു സന്ധ്യകൾ വന്നുപോയ്.

മരണമെത്തുന്ന നേരത്തുമെന്റെയീ
മിഴികൾ കൂപ്പാതെ കാതോർത്തിരുന്നിടാം
വരെണമന്നെന്റെയാത്മാവു പുത്രിത-
ന്നശ്രുപൂജയാൽ മോക്ഷത്തെപ്പുൽകിടാൻ.

# സത്യം പറഞ്ഞ വിദേശി



**ആയിരത്തഞ്ഞൂറും രണ്ടായിരവും അയ്യായിരവും മുൻപുള്ള മതങ്ങൾ പറഞ്ഞ നിയമങ്ങൾ അത്രയും കൊല്ലം മുൻപുള്ള ജീവിത സാഹചര്യങ്ങൾക്ക് വേണ്ടി മാത്രമുള്ളതായിരുന്നു. ഇന്നും അത് തുടരണം എന്ന് പറയുന്നത് ഇന്നത്തെ മനുഷ്യ സമൂഹത്തെ മുഴുവൻ അത്രയും കൊല്ലം പുറകിലേക്ക് കൊണ്ട് പോകാനും കാട്ടാളന്മാരാകാനും മാത്രമേ ഉപകരിക്കൂ. അത്തരം പാരമ്പര്യങ്ങൾ കാത്തു സൂക്ഷിക്കുന്ന രാജ്യങ്ങൾ ആണ് പട്ടിണിയും ദാരിദ്ര്യവും കൊലപാതകങ്ങളുമായി ലോകത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന രാജ്യങ്ങൾ എന്ന് സാമാന്യ ബോധമുള്ള ആർക്കും മനസ്സിലാക്കാവുന്നതേ ഉള്ളൂ.**

**"ഏതു** വിദേശിയോടു നമ്മുടെ രാജ്യത്തെപ്പറ്റി അഭിപ്രായം ചോദിച്ചാലും നമ്മുടെ രാജ്യത്തെ ഒരുപാട് പുകഴ്ത്തി പറയുന്നത് മാത്രമേ ഞാൻ കേട്ടിട്ടുള്ളൂ.

അങ്ങനെ ഒരവസരത്തിലാണ് ഗ്രീക്ക് വംശജനും പ്രൊഫസ്സറും ചിത്രകാരനും ജർമനിയിലെ ഒരു യൂണിവേഴ്സിറ്റിയിലെ നരവംശ ശാസ്ത്രജ്ഞനുമായ Prof Vyron Collin എന്ന ആളെ ഞാൻ പരിചയപ്പെടുന്നത്. മൂന്നാറിലെയും വൈപ്പിനിലെയും ഫോട് കൊച്ചിയിലെയും ഒക്കെ ജനങ്ങളുടെ ജീവിത രീതികളെയും സംസ്കാരങ്ങളെയും നമ്മൾ പിന്തുടർന്ന് പോരുന്ന ആചാര അനുഷ്ഠാനങ്ങളെപ്പറ്റിയെല്ലാം നമ്മളെക്കാളേറെ അറിവ് അദ്ദേഹത്തിനുണ്ടെന്നു സംസാരത്തിൽ നിന്ന് മനസ്സിലായി. ഏതോ ഒരു സായാഹ്നത്തിലെ ചായസൽക്കാരത്തിനിടയിൽ അദ്ദേഹത്തോട് ഞാനൊരു സംശയം ചോദിച്ചിരുന്നു. "നിങ്ങൾ ഞങ്ങൾ ഇന്ത്യക്കാരെ വെളുത്ത വർഗക്കാരായിട്ടാണോ കറുത്ത വർഗക്കാരായിട്ടാണോ അതോ അതിനടയ്ക്കുള്ളവരായിട്ടാണോ കരുതുന്നത്" എന്ന്. അതിന ദ്ദേഹം എനിക്ക് തന്ന മറുപ ടി "Indans are pretty amazing people" എന്നായിരുന്നു. കേട്ടപ ടി രോമാഞ്ചം വന്നതുകൊണ്ട് ചോദിച്ച ചോദ്യത്തിന് ഉത്തരം

കിട്ടാത്ത കാര്യം അങ്ങ് മറന്നു പോയി. ഒരാഴ്ചത്തെ മൂന്നാർ, വട്ടവട ഗ്രാമങ്ങളിലെ ജനങ്ങളുടെ ജീവിത രീതിയെപ്പറ്റി പേജ് കണക്കിന് എഴുതി നിറച്ചു ബാക്കി ലാപ്ടോപ്പിലും ആക്കി അദ്ദേഹം തിരിച്ചുപോയി.

വർഷങ്ങൾക്കു ശേഷം ന്യൂസീലാന്റിലെ ഒറ്റാഗോ യൂണിവേഴ്സിറ്റിയിൽ ക്ലാസ് എടുക്കാൻ വന്ന സമയത്താണ് വീണ്ടും അദ്ദേഹത്തെ കാണാൻ അപൂർവമായി ഒരവസരം ലഭിച്ചത്. അന്ന് ഫോർട്കൊച്ചിയിൽ വച്ച് ചോദിച്ച ആ ചോദ്യത്തിന്റെ സന്ദർഭം അറിയാതെ സംസാരത്തിനിടയിൽ വന്നതുകൊണ്ട് ഞാനത് വീണ്ടും ചോദിച്ചു. അതിനദ്ദേഹം അപ്പോൾ തന്ന മറുപടി ഇപ്രകാരമായിരുന്നു,

"ആ ചോദ്യം ഞാനോർക്കുന്നുണ്ട്. നിങ്ങളുടെ നാട്ടിൽ വച്ച് നിങ്ങൾക്കിഷ്ടപ്പെടാത്ത ഒരു മറുപടി എത്ര സത്യസന്ധമായിരുന്നാലും അത് നിങ്ങളെ അലോസരപ്പെടുത്തുകയും അനാവശ്യമായി നിങ്ങളുടെ വെറുപ്പ് സമ്പാദിക്കേണ്ടി വരികയും ചെയ്യും, അതുകൊണ്ടാണ് ഞാനതിൽ നിന്നും ഒഴിഞ്ഞു മാറിയത്. അത് മാത്രമല്ല ഏതൊരു സഞ്ചാരിയോടും നിങ്ങൾ നിങ്ങളുടെ രാജ്യത്തെപ്പറ്റി ഒരഭിപ്രായം ചോദിച്ചാൽ നല്ലതു മാത്രം പ്രതീക്ഷിച്ചാൽ മതി. പക്ഷെ സത്യം ഇതൊന്നുമല്ല, പല വികസിത രാജ്യത്തുള്ളവരും നിങ്ങളെ ഉയർന്ന വിദ്യാഭ്യാസമുള്ള ഗോത്രവർഗക്കാരായിട്ടാണ് കാണുന്നത്."

ലോകത്തിലെ ഏറ്റവും നല്ല രാജ്യം ഇന്ത്യയായതുകൊണ്ടാണ് ഇവരൊക്കെ ഇന്ത്യയിൽ വരുന്നതെന്ന് ധരിച്ചു വച്ചിരിക്കുന്ന ഏതൊരാൾക്കും സഹിക്കാവുന്നതിലും അപ്പുറമുള്ള ഒരു മറുപടിയായിരുന്നു അത്.

പക്ഷെ ഒരു നരവംശ ശാസ്ത്രജ്ഞൻ, സൈക്കോളജിസ്റ്റ്, പ്രൊഫസർ, historian എന്നൊക്കെയുള്ള നിലയിൽ അതെന്തുകൊണ്ടാണ് അങ്ങിനെ പറയാൻ കാരണം എന്ന് തുറന്നു തന്നെ ചോദിക്കേണ്ടിവന്നു. അതിനദ്ദേഹം തന്ന മറുപടി, ഇപ്രകാരമായിരുന്നു.

"ഉയർന്ന വിദ്യാഭ്യാസവും, അറിവും, ഒരുപാട് ബുദ്ധിമാന്മാരായ ശാസ്ത്രജ്ഞന്മാരും, ഗവേഷകരും, റോക്കറ്റ്, മിസൈൽ സാങ്കേതിക വിദ്യകളും മറ്റുള്ളവരെക്കാൾ നന്നായി വികസിപ്പിച്ചെടുത്തിട്ടുള്ള, ബുദ്ധിപ

**പൊതുവെ സ്ത്രീകൾ വീട്ടു ജോലിക്കാരിയുടെ അല്ലെങ്കിൽ അടുക്കളപ്പണിക്കാരിക്ക് പകരമായാണ് വിവാഹം ചെയ്യപ്പെടുന്നത്. ആണുങ്ങൾ അവരിലും ഉയർന്ന ഒരു വിഭാഗമാണെന്ന ചിന്ത നിങ്ങളിൽ പലർക്കും ഉണ്ട്. ഇതെല്ലാം നൂറ്റാണ്ടുകൾക്കു മുൻപുണ്ടായിരുന്ന പല പ്രാകൃത ആദിവാസി ഗോത്രവർഗങ്ങളുടെ ഇടയിൽ നില നിന്നിരുന്നതാണ്.**

രമായി ഉയർന്ന ഒരുപാട് ആളുകൾ എല്ലാം ഉള്ള രാജ്യമാണ് ഇന്ത്യ, എന്നിരുന്നാലും അടിസ്ഥാനപ രമായ ഗോത്ര വർഗ സ്വഭാവം ഇന്നും കാത്തു സൂക്ഷിക്കുന്നവരും അതിൽ അഭിമാനിക്കുന്നവരുമാണ് നിങ്ങൾ. സമാന സ്വഭാവമുള്ള പല ഗോത്രങ്ങളിലൊന്നിൽ ജനിച്ചു വളർന്നതുകൊണ്ടും, അതിനുള്ളിലായിരിക്കുന്നതു കൊണ്ടുമാണ് നിങ്ങൾ അതിനെപ്പറ്റി കൂടുതൽ ചിന്തിക്കാത്തത്. അതിനുള്ള കാരണം അദ്ദേഹം പറഞ്ഞത് ഇപ്ര കാരമാണ്, നിങ്ങളുടെ എല്ലാ ആഘോഷങ്ങളും ജീവിതത്തിലെ പ്രധാന പലകാര്യങ്ങളും പല രാജ്യങ്ങളിലെയും ആദിവാസി ഗോത്രവർഗ്ഗങ്ങളുടേതുമായി ഒരുപാട് സാമ്യമുണ്ട്. സാധാരണ എല്ലാ ഗോത്രവർഗ്ഗത്തിൽ പെട്ടവരെയും പോലെ തന്നെ നിങ്ങളും അബദ്ധത്തിൽ നിങ്ങൾ ജനിച്ചുവീണ ജാതിയിലും, ഗോത്രത്തിലും, ഗോത്ര പാരമ്പര്യത്തിലും വിശ്വസിക്കുകയും പരിപാലിക്കുകയും ചെയ്തു പോരുന്നുണ്ട്. ഒരു ഗോത്രത്തിൽ പെട്ടവൻ മറ്റൊരു ഗോത്രത്തിലുള്ള പെൺകുട്ടിയെ വിവാഹം കഴിക്കുകയോ മറ്റു ഗോത്രത്തിലുള്ളവരുമായി ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുകയോ ചെയ്യാറില്ല. നിങ്ങളിൽ ഭൂരിപക്ഷം പേരും, അതെത്ര ഉയർന്ന വിദ്യാഭ്യാസം ഉള്ളവരായാലും, അങ്ങിനെ തന്നെയാണ്. എത്ര വിദ്യാഭ്യാസമുള്ള സ്ത്രീകളാണെങ്കിലും പലർക്കും ജോലിക്കു പോകാനോ സ്വതന്ത്രമായി പുരുഷസഹായമില്ലാതെ എവിടെയെങ്കിലും പോകാനോ ഇഷ്ടമുള്ളത് ചെയ്യുവാനോ ഒറ്റയ്ക്ക് അവിവാഹിതയായി ജീവിക്കാനോ ഉള്ള സ്വാതന്ത്ര്യം പല ആഫ്രിക്കൻ ഗോത്രങ്ങളിലേതുപോലെ പൂർണ്ണമായല്ലെങ്കിൽതന്നെയും നിങ്ങൾക്കും ഇല്ല. സ്ത്രീധനം മുതലായ സാമ്പത്തിക ഇടപാടുകളിൽ കുരുക്കി ഇഷ്ടമില്ലാത്ത ബന്ധത്തിൽ നിന്ന് വിട്ടുപോകാതിരിക്കാനുള്ള ഒരു ചങ്ങല നിങ്ങൾ സ്ത്രീകൾക്ക് ഇട്ടിട്ടുണ്ട്. പൊതുവെ സ്ത്രീകൾ വീട്ടു ജോലിക്കാരിയുടെ അല്ലെങ്കിൽ അടുക്കളപ്പണിക്കാരിക്ക് പകരമായാണ് വിവാഹം ചെയ്യപ്പെടുന്നത്. ആണുങ്ങൾ അവരിലും ഉയർന്ന ഒരു വിഭാഗമാണെന്ന ചിന്ത നിങ്ങളിൽ പലർക്കും ഉണ്ട്. ഇതെല്ലാം നൂറ്റാണ്ടുകൾക്കു മുൻപുണ്ടായിരുന്ന പല പ്രാകൃത ആദിവാസി ഗോത്രവർഗങ്ങളുടെ ഇടയിൽ നില നിന്നിരുന്നതാണ്. പല ഗോത്രങ്ങളിലും ആ ഗോത്രത്തിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ലംഘിക്കുന്നവർക്ക് ഊരുവിലക്ക് കൽപ്പിക്കാറുണ്ട്. പലപ്പോഴും ഗോത്രത്തലന്മാരോ അവരുടെ ശിങ്കിടികളോ ഒക്കെ ആയിരിക്കും അതിനു മുൻപിൽ നിൽക്കുന്നത്. അതും നിങ്ങളുടെ ഇടയിൽ മത ജാതീയ പുരോഹിതന്മാരും അതിന്റെ അണികളും ചേർന്ന് നടത്തുന്നതായിട്ട് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. പൊലീസോ

**കാലത്തിനനുസരിച്ചു നിങ്ങളുടെ ഭരണഘടനയിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. വ്യക്തി സ്വാതന്ത്ര്യം എന്നത് നിങ്ങളുടെ രാജ്യത്തിന് അന്യമാണ്. ഒരാൾ മറ്റുള്ളവരുടെ വ്യക്തിപരമായ കാര്യങ്ങളിൽ ഒരു നാണവുമില്ലാതെ ഇടപെടും. ഒരു പരിചയം ഇല്ലാത്തവനെയും അവരെ നഗ്നമാക്കുന്ന രീതിയിൽ തുറിച്ചു നോക്കിക്കൊണ്ടേയിരിക്കും. ഒരു പരിച യമില്ലാത്തവന്റെയും കുടുംബ/വ്യക്തികാര്യങ്ങളിൽ അഭിപ്രായം പറയുകയും അവകാശമുള്ളതു പോലെ ഇടപെടുകയും ചെയ്യും.**

ഗവർമെന്റോ തീർക്കേണ്ട പല വിഷയങ്ങളും അതിനു പകരം ആൾക്കൂട്ട ആക്രമ ണമായി തീരാറുണ്ട്. ആൾക്കൂട്ട ആക്രമണങ്ങൾ ഒരു ഗോത്രവർഗ്ഗ സ്വഭാവമാണ്. ഇന്ത്യയിൽ അത് ധാരാളമായി നടക്കുന്നുണ്ട്. പുതിയ വീട്ടിൽ താമസിക്കാനും, മരണാന്തര ചടങ്ങുകളും, മരിച്ചയാളുടെ പ്രേ തം/ആത്മാവ് മുതലായവയെ പൂജിക്കുകയോ മോക്ഷം കൊടുക്കുകയോ ഒക്കെ വേണ്ടിയുള്ള ഗോത്ര ആചാരങ്ങൾ, വിശ്വാസങ്ങൾ ഒക്കെ പല ഗോത്രത്തിലും പലതായിരിക്കും. നിങ്ങളിപ്പോഴും ആ ഗോത്ര ആചാരങ്ങൾ പിന്തുടരുന്നു. ആ വിശ്വാസം ആഴമേറിയതാണെന്നു മാത്രമല്ല അതിൽ നിന്ന് വ്യതിചലിക്കാൻ അവർ തയ്യാറാവുകയുമില്ല. അതെന്തോ വലിയ തെറ്റായിട്ടാണ് ലോകത്തിലെ എല്ലാ ഗോത്രവർഗ്ഗത്തിൽപ്പെട്ടവരും കരുതുന്നത്. നിങ്ങൾ നിങ്ങളുടെ പാരമ്പര്യത്തെയും ഇത്തരം ആചാരങ്ങളെയും എല്ലാം വളരെ അഭിമാനത്തോടെയാണ് കാണുന്നതും ആചരിക്കുന്നതും. ഇന്ത്യയിൽ അതിനെ cast (ജാതി) എന്ന് വിളിക്കുന്നു എന്ന് മാത്രം. സത്യത്തിൽ ഓരോ ജാതികളും ഓരോ പഴയ ഗോത്രവർഗ്ഗങ്ങൾ ആയി കണക്കാക്കാം. ഒരു മിസൈലോ റോക്കറ്റോ യുദ്ധവിമാനമോ ഒക്കെ പുതുതായി ഇറക്കുന്നതിനു മുൻപ് 'poojaas' എന്ന് നിങ്ങൾ വിളിക്കുന്ന ചില ഗോത്രാചാരപ്രകാരമുള്ള ചടങ്ങുകളൊക്കെ നിങ്ങൾ ഇന്നും നടത്താറുണ്ട്. അതില്ലെങ്കിൽ അത് പിഴച്ചു പോകും എന്ന പഴയ ഗോത്രവിശ്വാസത്തിന്റെ വിട്ടുകളയാൻ പറ്റാത്ത എന്തോ നിങ്ങളിൽ ഇപ്പോഴും ബാക്കി നിൽക്കുന്നുണ്ട്. അത് തെറ്റാണെന്നല്ല ഞാൻ പറഞ്ഞത്. അതിഷ്ടപ്പെടുന്ന ഒരുപാട് പാശ്ചാത്യർ ലോകത്തുണ്ട്. ഒരുപാട് സ്വാതന്ത്ര്യം നിറഞ്ഞ meterialistic ലോകത്തുനിന്ന് ഭക്തിയും വിശ്വാസവും ഗോത്രാചാരങ്ങളും വിട്ടുകളയാതെ ജീവിക്കുന്ന ഒരു ജനവിഭാഗത്തെ കാണാനാണ് അവർ ഇന്ത്യയിൽ വരുന്നത്. അതിഷ്ടപ്പെടുന്നവരും ഇഷ്ടപ്പെടാത്തവരും ലോകത്തുണ്ട്, നിങ്ങളിലും അത്തരം ആളുകളുണ്ട്. നിങ്ങളുടെ ക്ഷേത്രശില്പ ചാരുതയും, അതിലെ richness ഉം, സമ്പത്സമൃദ്ധിയുമൊന്നും ലോകത്തിലെ മറ്റൊരു ഗോത്രത്തിനും അവകാശപ്പെടാനുമില്ല. മറ്റൊരുതരത്തിൽ പറഞ്ഞാൽ ലോകത്തിൽ civilised ആയിട്ടുള്ള എന്നാൽ ഗോത്രസ്വഭാവവും അന്ധവിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠിച്ചുപോരുന്ന ഒരു പ്രത്യേക ജനവിഭാഗം നിറഞ്ഞിരിക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. വൃത്തിയില്ലായ്മയും കൈക്കൂലിയും അഴിമതിയും മാത്രം മാറ്റിയാൽത്തന്നെ പലരാജ്യങ്ങളും ഇന്ത്യയോട് കിടപിടിക്കാൻ ബുദ്ധിമുട്ടും."

കാലത്തിനനുസരിച്ചു നിങ്ങളുടെ ഭരണഘടനയിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. വ്യക്തി സ്വാതന്ത്ര്യം എന്നത് നിങ്ങളുടെ രാജ്യത്തിന് അന്യമാണ്. ഒരാൾ മറ്റുള്ളവരുടെ വ്യക്തിപരമായ കാര്യങ്ങളിൽ ഒരു നാണവുമില്ലാതെ ഇടപെടും. ഒരു പരിചയം ഇല്ലാത്തവനെയും അവരെ നഗ്ന മാക്കുന്ന രീതിയിൽ തുറിച്ചു നോക്കിക്കൊണ്ടേയിരിക്കും. ഒരു പരിചയമില്ലാത്തവന്റെയും കുടുംബ/വ്യക്തികാര്യങ്ങളിൽ അഭിപ്രായം പറയുകയും അവകാശമുള്ളതു പോലെ ഇടപെടുകയും ചെയ്യും. അങ്ങിനെ ചെയ്യുന്നതുകൊണ്ട് മറ്റുള്ളവർക്കുണ്ടാകുന്ന ബുദ്ധിമുട്ട് മനസ്സിലാക്കാനുള്ള വിവേകമോ ബുദ്ധിയോ ആർക്കും തന്നെയില്ല. എല്ലാം അറിയാവുന്നവനാണ് ഞാൻ എന്ന ഭാവത്തിൽ അറിയാത്ത കാര്യങ്ങളിൽ ഒഫീഷ്യൽ ആയി അഭിപ്രായം പറയും, ഉപദേശിക്കും, ശകാരിക്കും, ചിലപ്പോൾ ഉപ ദ്രവിച്ചെന്നുമിരിക്കും. വ്യക്തി സ്വാതന്ത്ര്യം നിയമം കൊണ്ട് നടപ്പിലാക്കണം. അതിനു ബോധമുള്ള ഒരു ഭരണകൂടം നിങ്ങൾക്കുണ്ടാവണം. എന്തിനും ഏതിനും കൈക്കൂലി കൊടുക്കാതെ ഒന്നും നടക്കാത്ത ഒരു രാജ്യമായി നിങ്ങൾ മാറിപ്പോകുന്നത് നിങ്ങൾ മനപ്പൂർവം മറച്ചുവക്കുന്നു. ഉപ ബോധമനസ്സിൽ അടിയുറച്ചു പോയ വിഡ്ഢിത്തപരമായ ചില രാഷ്ട്രീയ ആശയങ്ങളാണ് നിങ്ങൾക്ക് ഒരു നല്ല ഭരണാധികാരിയെ കിട്ടുന്നതിൽനിന്നും വിലക്കുന്നത്. നിങ്ങൾ നല്ല വ്യക്തികളെ നോക്കി തിരഞ്ഞെടുക്കാൻ പഠിക്കേണ്ടിയിരിക്കുന്നു. അന്ധവിശ്വാസങ്ങൾ പോലെത്തന്നെയാണ് രാഷ്ട്രീയപ്പാർട്ടികളിലുള്ള വിശ്വാസവും.

നിങ്ങളിലാരും തന്നെ ലോകത്തിന്റെ മാറ്റം നോക്കിക്കാണുകയോ അതെങ്ങിനെ സംഭവിക്കുന്നുവെന്നു മനസ്സിലാക്കാൻ ശ്രമിക്കുന്നുമില്ല, അറിവുള്ളവർ പറയുന്നതിനേക്കാൾ നിങ്ങൾ മീഡിയകളിലൂടെ വരുന്ന സത്യമല്ലാത്ത പല വാർത്തകൾക്കും കിംവദന്തികൾക്കും പുറകെ പോകാൻ

ഇഷ്ടപ്പെടുന്നു. ജനസംഖ്യാ പെരുപ്പമാണ് എല്ലാ വികസനങ്ങൾക്കും വൃത്തിയില്ലായ്മയ്ക്കും അടിസ്ഥാനം എന്ന് നിങ്ങളെ അവർ പറഞ്ഞു തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. നിങ്ങൾ അത് അടിയുറച്ചു വിശ്വസിക്കുകയും ചെയ്യുന്നു. കുട്ടികളെ ശകാരിച്ചും തല്ലിയും മാത്രമേ വിദ്യാഭ്യാസം കൊടുക്കാവൂ എന്ന് നിങ്ങൾ കരുതുന്നു. അങ്ങിനെ വളർന്നു വരുന്നവനാണ് മറ്റുള്ളവരോടും, അറിയാതെ തെറ്റ് പറ്റിപ്പോകുന്നവനോടും ക്രൂരമായി ശകാരിക്കുകയും തല്ലുകയും ഒക്കെ ചെയ്യുന്നത് എന്ന് നിങ്ങളിലാരും തന്നെ മനസ്സിലാക്കുന്നതുമില്ല. വൃത്തിയായി സ്കൂൾ പരിസരം സൂക്ഷിക്കാത്ത, ക്ലാസ്സ് മുറികളിൽ സ്നേഹത്തോടെ പെരുമാറാനറിയാത്ത ഒരുപാട് അധ്യാപകരെ ഞാൻ കണ്ടു. അവിടെ നിന്നും പഠിച്ചിറങ്ങുന്ന ഒരാൾ എങ്ങിനെ നിങ്ങളുടെ നാട് വൃത്തിയായി സൂക്ഷിക്കുകയും മറ്റുള്ളവരോട് സ്നേഹത്തോടെ പെരുമാറുകയും ചെയ്യും? എത്രയോ ആവശ്യമില്ലാത്ത കാര്യങ്ങളാണ് സ്കൂളുകളിൽ നിങ്ങൾക്ക് പഠിക്കുവാനുള്ളത്? ഒരു നല്ല പൗരനെ വാർത്തെടുക്കുവാനാവശ്യമായ ഒന്നും തന്നെ നിങ്ങളുടെ ഒരു സ്കൂളുകളിലും പഠിപ്പിക്കുന്നതേ ഇല്ല. മാത്രമല്ല കുട്ടികളെ പഠിപ്പിക്കുവാൻ അർഹതയുള്ള അധ്യാപകർ തന്നെ വിരളമാണ്. ഇത് പറയുമ്പോൾ നിങ്ങൾക്കെന്നോട് ദേഷ്യം തോന്നാം. ചെറുപ്പം മുതലേ ഉപബോധമനസ്സിലേക്കു അടിച്ചു കയറ്റപ്പെട്ട കുറെ വിശ്വാസങ്ങളാണ് നിങ്ങളെ ഇപ്പോഴും നയിക്കുന്നത്.

നിങ്ങളുടെ രാജ്യത്തുടനീളമുള്ള ഓരോ ഗ്രാമങ്ങളിൽ ചെല്ലുമ്പോഴും ലോകത്തിലെ ഏറ്റവും വൃത്തിയും സംസ്കാരവും ബുദ്ധിയുമുള്ള ജനങ്ങൾ അവരാണെന്നു എന്നെ വീണ്ടും വീണ്ടും പറഞ്ഞു ബോധ്യപ്പെടുത്താൻ അവർ ശ്രമിക്കുന്നത് കണ്ടിട്ടുണ്ട്. ഞാൻ അത് പൂർണമായും സമ്മതിച്ചു കൊടുക്കും. നല്ല സംസ്കാരമുള്ളവർ ആരും തന്നെ എന്റെ സംസ്കാരമാണ് ഏറ്റവും നല്ലതെന്നു പറയില്ല എന്ന് അവർക്കറിയില്ലല്ലോ.

എന്റെ രാജ്യത്തെക്കാൾ നല്ല മറ്റൊരു രാജ്യവും സംസ്കാരവും ലോകത്തില്ല എന്ന് വിചാരിച്ചു സ്വയം വിഡ്ഢിയായിരിക്കുന്നിടത്തോളം കാലം നിങ്ങളുടെ രാജ്യത്തിന് ഒരു മാറ്റമോ പുരോഗമനമോ ഉണ്ടാവുകയില്ല. നിങ്ങളുടെ നല്ലതും കുറവുകളും മനസ്സിലാക്കാൻ പല രാജ്യങ്ങളിൽ യാത്ര ചെയ്തു തന്നെ നോക്കണം. അവിടത്തെ ജീവിതരീതി എന്താണെന്ന് പഠിക്കണം. നമ്മുടെയും അവരുടേതുമായ ജീവിതരീതികൾ തമ്മിൽ താരതമ്യം ചെയ്തു നോക്കണം. അപ്പോൾ നമ്മൾ നമ്മളിൽ കണ്ടെത്തുന്ന കുറവുകൾ, കുറവുകളാണെന്നു മനസ്സിലാക്കിയാൽ മാത്രമേ അതിൽ നിന്നും മെച്ചപ്പെട്ട ജീവിത നിലവാരത്തിലേക്ക് മാറുവാൻ നിങ്ങൾക്ക് കഴിയുകയുള്ളൂ.

സമാധാനമായി ജീവിക്കുന്ന ജനങ്ങളുള്ള, അഴിമതി ഏറ്റവും കുറഞ്ഞ, ലോകത്ത് ഏറ്റവും സന്തോഷമായി ജീവിക്കുന്ന ജനങ്ങളുള്ള, ലോകത്ത് പട്ടിണിയും ദാരിദ്ര്യവും ഇല്ലാത്ത രാജ്യങ്ങളുടെ പട്ടിക നിങ്ങൾ എടുത്തു നോക്കിയിട്ടുണ്ടോ? ഇരുനൂറിനടുത്ത് രാജ്യങ്ങളുള്ള ഈ ഭൂമിയിൽ അവസാനത്തെ അമ്പതു രാജ്യങ്ങളിൽ പോലും ചിലപ്പോൾ നിങ്ങൾ ഉണ്ടാവില്ല. എന്നിട്ടും നിങ്ങൾ മറ്റുള്ളവരെ, യൂറോപ്യൻ, സ്കാന്ഡിനേവിയൻ രാജ്യങ്ങളെ വെറുതെ കുറ്റം പറഞ്ഞും കളിയാക്കിയും പുച്ഛിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ആയിരത്തഞ്ഞൂറും രണ്ടായിരവും അയ്യായിരവും മുൻപുള്ള മതങ്ങൾ പറഞ്ഞ നിയമങ്ങൾ അത്രയും കൊല്ലം മുൻപുള്ള ജീവിത സാഹചര്യങ്ങൾക്ക് വേണ്ടി മാത്രമുള്ളതായിരുന്നു. ഇന്നും അത് തുടരണം എന്ന് പറയുന്നത് ഇന്നത്തെ മനുഷ്യ സമൂഹത്തെ മുഴുവൻ അത്രയും കൊല്ലം പുറകിലേക്ക് കൊണ്ട് പോകാനും കാട്ടാളന്മാരാകാനും മാത്രമേ ഉപകരിക്കൂ. അത്തരം പാരമ്പര്യങ്ങൾ കാത്തു സൂക്ഷിക്കുന്ന രാജ്യങ്ങൾ ആണ് പട്ടിണിയും ദാരിദ്ര്യവും കൊലപാതകങ്ങളുമായി ലോകത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന രാജ്യങ്ങൾ എന്ന് സാമാന്യ ബോധമുള്ള ആർക്കും മനസ്സിലാക്കാവുന്നതേ ഉള്ളൂ. അതു പോലും ഇല്ലാത്തവരുടെ എണ്ണം നിങ്ങളുടെ രാജ്യത്തു കൂടിക്കഴിഞ്ഞു. എന്റെ പഠനത്തിലും ഗവേഷണത്തിലും നിങ്ങളുടെ വിദ്യാഭ്യാസ രീതിയിൽ കാര്യമായ മാറ്റം വരുത്തുന്നില്ല എങ്കിൽ നിങ്ങളുടെ രാജ്യത്തിന്റെ നാളത്തെ അവസ്ഥ ഞാനിവിടെ പറയാൻ ഇഷ്ടപ്പെടുന്നില്ല എന്ന് പറഞ്ഞാണ് അദ്ദേഹം സംഭാഷണത്തിന് വിരാമമിട്ടത്.

**എന്റെ രാജ്യത്തെക്കാൾ നല്ല മറ്റൊരു രാജ്യവും സംസ്കാരവും ലോകത്തില്ല എന്ന് വിചാരിച്ചു സ്വയം വിഡ്ഢിയായിരിക്കുന്നിടത്തോളം കാലം നിങ്ങളുടെ രാജ്യത്തിന് ഒരു മാറ്റമോ പുരോഗമനമോ ഉണ്ടാവുകയില്ല. നിങ്ങളുടെ നല്ലതും കുറവുകളും മനസ്സിലാക്കാൻ പല രാജ്യങ്ങളിൽ യാത്രചെയ്തു തന്നെ നോക്കണം. അവിടത്തെ ജീവിതരീതി എന്താണെന്ന് പഠിക്കണം. നമ്മുടെയും അവരുടേതുമായ ജീവിതരീതികൾ തമ്മിൽ താരതമ്യം ചെയ്തു നോക്കണം.**

*Mathew Joys/CourtesyFB:*
*സ്വർഗ്ഗത്തിലെ കൂപമണ്ഡൂകങ്ങൾ*




# Conspiracy Proportion of 80:20

# Hurting Kerala Government



Dr. Mathew Joys
Vice Chairman, IAPC

**MINORITY RESERVATION IN KERALA AND THE RATIO OF 80:20 IS AN ISSUE THAT HAS CAUSED A LOT OF MISUNDERSTANDING AMONG VARIOUS SECTIONS REGARDING THE REPRESENTATION OF OFFICIALS IN VARIOUS GOVERNMENT SERVICES AND THE DISTRIBUTION OF RESOURCES. NEEDLESS TO SAY THAT IT IS NOT A POLITICAL ISSUE, RATHER THAN A TOPIC SEEKING LEGALITY AND JUSTICE.**




T

There is a well-known saying, “The lie may have traveled a long way before the truth was put on the shoe”. And false news is derived from misconceptions.


Minority reservation in Kerala and the ratio of 80:20 is an issue that has caused a lot of misunderstanding among various sections regarding the representation of officials in various government services and the distribution of resources. Needless to say that it is not a political issue, rather than a topic seeking legality and justice.

The Sachar Commission report came during the UPA government and found that Muslims in India was lagging behind Dalits in education and bureaucracy. It was also found that in Kerala, the Muslim community is only 10 percent in the bureaucracy with 12 percent reservation. As such, many states have appointed committees to implement the Sachar Commission report. One such committee is the Paloli Committee, which came into existence under the leadership of the then Minister Paloli Muhammad Kutty.

As per Paloli Mohammedkutty “ In Kerala, during the UDF government, 20 per cent more was added to the funds of the Sachar Commission by the state government and those projects were included in the Christian community. Other minorities had only 20 percent based on their inclusion. Eighty percent were for the Muslim minority.

When one hears this in general, one quickly realizes that a large number are Muslims and a very small number to other minorities. But the Sachar Commission report at the time was a Muslim-only project. The activities that were part of it took place in 2015 during the LDF government. The subsequent UDF government added 20 per cent to it. Then people will realize that the ratio of 80 per cent naturally coming to Muslims and 20 per cent to other minorities is wrong. False news comes from this misconception.”.

In the light of the Narendran Commission report, the reservation of the Muslim community in the field of education and bureaucracy is not commensurate with the fact that 27 percent of the




population, only 10 percent are represented.

It has been recommended to give some scholarships as reservation already exists in Kerala. These were some of the scholarships to accelerate the education of Muslim girls. It was not a large sum. It was later approved by the Legislature and Parliament. All this has been going on since the BJP government came to power.

Currently, there are some issues with the scholarship for Muslim girls in the Paloli Committee. It has been decided to extend the scholarship which was only available to 100% Muslim girls,  to backward Christian girls as well.

But somewhere 100 per cent Muslim scholarships have been converted to 80 per cent Muslim and 20 per cent backward Christian. But no one responded that time. It was then known as the Muslim Minority Coaching Center. In the meantime, it was renamed the Minority Coaching Centers. But none of this was a serious matter. But now there are attempts to communalize it. Attempts were made to communalize it as a clash between Christians and Muslims. Historically this is not true.

According to the Sachar Committee report, this benefit has been extended to the Muslim community. It is irrelevant to say that the Muslim community has moved forward and some other communities have fallen behind. Similar scholarships are offered to the frontier community. If any section does not receive benefits, the government should conduct a study and take action.

The issue is being actively debated following the High Court's decision to abolish the 80:20 ratio in the distribution of minority scholarships. While the Kerala Congress and other parties welcomed the verdict, other parties, including the Muslim League and the INL, came out in opposition to the ruling. There is a lot of propaganda on social media about the distribution of welfare schemes for minorities. Minister Muraleedharan also said

**Annual Vital Statistics Reports, Economics & Statistics Dept. Govt. of Kerala**

| Year | Christian | Muslim | Hindu |
|---|---|---|---|
| 2012 | 18.6% | 31.9% | 38.9% |
| 2015 | 15.4% | 41.4% | 42.8% |
| 2018 | 14.3% | 43.7% | 41.7% |

that the High Court's decision to cancel the 80:20 ratio in awarding scholarships should be accepted. Vote bank politics must end. The government should take a stand to give the Christian community the benefit it deserves. This position is now to protect the interests of the vote-banks. In this connection please note the following summary of children born by religion, which will surprise our presumptions, on how minorities are evolved.

According to the 2011 Kerala Census, 54.73% of the total population in Kerala is Hindu. 26.56% Muslims and 18.38% Christians live in Kerala. It should not be forgotten that a large section of the Christian population in Kerala still suffers from socio-economic inequality, educational and employment backwardness and social insecurity. The government's minority rights benefits should be equally available to all minorities, including Christians. Government-funded loans should not discriminate against the economically backward sections of the population. Article 16 states that there shall be no discrimination on the basis of religion, caste, creed or language. The administration needs to identify and address the socio-educational and economic backwardness in all sectors. Inequality and injustice in the society can be eradicated only when the existing reservation is removed and equal consideration be given to all of the economically backward classes. For that, we can avoid sectarian thinking in the name of religion and join hands for the progress of our fellow human beings.

Extensive study is required on both the existing Minority Scholarship and the subject of reservation. A single commission should be appointed to find out who is going forward and who is backward; strictly on the basis of percentage of population, and family income. Only by conducting such a study can those who really need reservation be identified for financial assistances or for job vacancies. That too need to be analyzed after a fixed term for proper alignments. ■





വിദേശവിചാരങ്ങൾ (ഭാഗം 1)

# വിദേശമലയാളിയും കൂട്ടായ്മയുടെ രാഷ്ട്രീയവും



Jiji Padamadan
Edmonton

**കുരിശ്ശ് ഐക്യത്തിന്റെയും രക്ഷയുടെയും പ്രതീകമായാണ് സത്യവിശ്വാസികൾ കരുതുന്നത്. എന്നാൽ ആ കുരിശ്ശിന്റെ പേരിൽ പോലും ശണ്ഠ കൂടുന്ന ഒരേ വിഭാഗത്തിൽപ്പെടുന്ന ക്രിസ്ത്യാനികൾ എല്ലാ പാശ്ചാത്യ സമൂഹങ്ങളിലും കാണപ്പെടുന്നു എന്നത് വളരെ സങ്കടകരമായ ഒരു വസ്തുതയാണ്. ചുരുക്കത്തിൽ മതവും ആചാരങ്ങളും ജാതീയ ചിന്തകളും മനുഷ്യന്റെ ഒത്തുചേരലിന് തടസ്സം സൃഷ്ടിക്കുന്ന വൻമതിലുകളായിട്ടാണോ നിലകൊള്ളുന്നത്?**

ഒത്തൊരുമിച്ചു മുന്നോട്ടുപോകുക എന്നുള്ളത് മലയാളിയെ സംബന്ധിച്ച് ഒരു സമസ്യ തന്നെയാണെന്നതു അനുഭവം കൊണ്ടു തന്നെ നമുക്കോരോരുത്തർക്കും മനസ്സിലാക്കാൻ കഴിയും. എന്നാൽ 2018 ൽ ഉണ്ടായ വെള്ളപ്പൊക്ക സമയത്തു കൈകോർത്തു പിടിച്ചു മുന്നേറിയ ഒരു കേരളജനതയെ നാം കാണാതെ പോകുന്നതും ശരിയല്ല. പക്ഷെ അതിനു ശേഷവും ജാതീയതയുടെയും, വർഗ്ഗീയതയുടെയും, വിഭാഗീയതയുടെയും പേരിൽ പകുത്തു മാറിനിന്നതും നാം തന്നെ കാണേണ്ടി വന്നിട്ടുമുണ്ട്.

ഭിന്നിച്ചു നിൽക്കുക എന്നുള്ളത് എല്ലാ ജനവിഭാഗങ്ങളുടെയും പ്ര ത്യേകതയാണ്. കൂട്ടായ്മയിലെ ഭിന്നതകൾ സമൂഹത്തിലെ പല പല മാറ്റങ്ങൾക്കും നിദാനമായിട്ടുണ്ട്. അപ്പോൾ സ്വാഭാവികമായും നിഷേധാത്മക സമീപനങ്ങളും സമൂഹത്തെ വളർത്താൻ സഹായിക്കുന്നില്ലേ എന്നൊരു ചോദ്യം വരാം, പക്ഷെ അത്തരം സമീപനങ്ങൾ വളർച്ചയെ മന്ദീഭവിപ്പിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണമായി പറഞ്ഞാൽ ആലപ്പുഴ-കൊല്ലം തീരദേശ ഹൈവേയുടെ പണി പരമാവധി മൂന്നു വർഷം കൊണ്ട് തീർക്കാമായിരുന്നതാണ്, പക്ഷെ 30 വർഷമെടുത്തു അതു പൂർത്തിയാക്കാൻ. അതുപോലെ തന്നെ മലയാളി സംഘടനകൾ നേതൃത്വം കൊടുത്തു നടത്തുന്ന പല കർമ്മ പരിപാടികളും അലസ്സിപ്പോകുന്നതായും അവരുടെ നിർമ്മാണ പദ്ധതികൾക്കു കാലവിളംബം നേരിടുന്നതായും നാം അനുദിനം ദർശിച്ചുകൊണ്ടിരിക്കുകയാണ്. വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞ പല പദ്ധതികൾക്കു പിന്നിലാവട്ടെ അനേകം നോവിന്റെ കഥകൾ കൂടി പറയാനുണ്ടാകും എന്നുള്ളതാണ് മറ്റൊരു വാസ്തവം. മലയാളികളുടെ പ്രത്യേകിച്ചും, വിദേശമലയാളി സമൂഹത്തിന്റെ ചില വെല്ലുവിളികളാണ് മേൽ വിവരിച്ചത്.

കേരളത്തിൽ വിഘടിച്ചു നിൽക്കുന്ന ഒരു ക്രിസ്തീയ സമൂഹം വിദേശത്തു താമസിക്കുമ്പോഴും ആ സ്വഭാവ സവിശേഷത അതേപോലെ തന്നെ നിലനിർത്തുന്ന ഒരു കാഴ്ചയാണ് നാം കണ്ടു കൊണ്ടിരിക്കുന്നത്. ഈ കൂട്ടായ്മയുടെ സിംഹഭാഗവും ഈ വിദേശനാട്ടിൽ വന്നതിനുശേഷം മാത്രം പരിചയപ്പെടുന്നവരാണ് എന്നുള്ളത് ഇതിൽ എടുത്തുപ റയേണ്ടതായ ഒരു കാര്യമാണ്. താരതമ്യേന ചെറിയ സമൂഹങ്ങളിൽ ഐക്യമുണ്ടെങ്കിലും ദീർഘകാല അടിസ്ഥാനത്തിൽ അതിനു ഒരു നിലനിൽപ്പ് എവിടെയും കാണപ്പെടുന്നില്ല. കുരിശ്ശ് ഐക്യത്തിന്റെയും രക്ഷയുടെയും പ്രതീകമായാണ് സത്യവിശ്വാസികൾ കരുതുന്നത്. എന്നാൽ ആ കുരിശ്ശിന്റെ പേ രിൽ പോലും ശണ്ഠ കൂടുന്ന ഒരേ വിഭാഗത്തിൽപ്പെടുന്ന ക്രിസ്ത്യാനികൾ എല്ലാ പാശ്ചാത്യ സമൂഹങ്ങളിലും കാണപ്പെടുന്നു എന്നത് വളരെ സങ്കടകരമായ ഒരു വസ്തുതയാണ്. ചുരുക്കത്തിൽ മതവും ആചാരങ്ങളും ജാതീയ ചിന്തകളും മനുഷ്യന്റെ ഒത്തുചേരലിന് തടസ്സം സൃഷ്ടിക്കുന്ന വൻമതിലുകളായിട്ടാണോ നിലകൊള്ളുന്നത്?

ഇവിടെ നടത്തപ്പെടുന്ന ഏതൊരു പരിപാടിയിലും സമൂഹത്തിന്റെ മുഖ്യധാരയിൽ ഒരിക്കലും കടന്നു കയറാത്ത വിശ്വാസ സംഹിതയുള്ള ഒരു വിഭാഗവും സവർണ-അവർണ ചിന്താഗതിയുള്ള മറ്റൊരു വിഭാഗവും കൂട്ടായ്മകൾ വേറിട്ട് തന്നെ നിൽക്കേണ്ട ഒന്ന് തന്നെയാണെന്ന കാലഹരണപ്പെട്ട സിദ്ധാന്തവും കൊണ്ട് നടക്കുമ്പോൾ ഒന്നെന്ന ചിന്ത എങ്ങനെ യാണു പ്രവർത്തികമാവുക? വർഗ്ഗ-വർണ്ണ-വിവേചന വികാരങ്ങൾ ഭരണം കയ്യാളുന്നതിന്റെ നേർക്കാഴ്ചയാണ് ഈ പാശ്ചാത്യ സമൂഹത്തിലും നാം ദർശ്ശിച്ചുകൊണ്ടിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസമോ യോഗ്യത കളോ ഉള്ളവർ പോലും മേൽപ റഞ്ഞ കാര്യങ്ങൾക്കു ഒരു അപ വാദമാകുന്നില്ല എന്നുള്ളത് ഒരു ദുഃഖ സത്യമാണ്. നിങ്ങൾക്കു ലഭിക്കുന്ന വിദ്യാഭ്യാസം നിങ്ങളുടെ സ്വഭാവത്തെ രൂപീകരിക്കുവാൻ ഉതകുന്നില്ലെങ്കിൽ ആ വിദ്യഭ്യാസം കൊണ്ട് നിങ്ങൾക്കെന്തു പ്രയോജനം എന്ന ഗാന്ധി വചനം ഈ അവസ രത്തിൽ ഓർത്തുപോകുകയാണ്.

ഇതര സംസ്കാരങ്ങളുമായുള്ള സംയോജനം (acculturation) മലയാളിക്കു വളരെ വൈകി നടക്കുന്നതുകൊണ്ടാണോ ഇത്തരം കാര്യങ്ങൾ സംഭവിക്കുന്നത് എന്ന് ഒരു സീനിയർ മലയാളി തന്റെ ഇൻറർവ്യൂവിൽ പറയുന്നത് ഈ അടുത്ത് കേൾക്കാനിടയായി. ആ പറഞ്ഞത് ഒരു പക്ഷെ പൂർണ്ണമായി സ്വീകരിക്കുവാനോ തള്ളിക്കളയുവാനോ കഴിയുകയില്ല, കാരണം, മീശവച്ചു മുണ്ടുടുത്തു വിദേശത്തേക്ക് വണ്ടി കയറിയ പല മലയാളികളും മീശ വടിച്ചു നിക്കർ ധരിക്കാനുള്ള അവസ്ഥയിലെത്തിച്ചേരുകയും വിശ്വാസ ശീലങ്ങളിൽ മാറ്റം വരുത്താതിരിക്കുകയും ചെയ്യുമ്പോൾ നാം എന്താണ് മനസ്സിലാക്കേണ്ടത്? ഇവിടെ ഒരു സംയോജനം (accultur-ation) നടക്കുന്നുണ്ടെന്നാണോ?

മലയാളികളെപ്പേടിച്ചു ഒറ്റയ്ക്ക് മാറി താമസിക്കുന്ന എത്രയോ മലയാളികൾ ഇന്നും നമ്മുടെ സമൂഹത്തിലുണ്ടെന്ന നഗ്ന സത്യം

**ഉത്തരവാദിത്തവും ശേഷിയുമുള്ള ഒരു ഭരണകൂടത്തിന്റെ പിൻബലത്തോടെ നാമിന്നിവിടെ ജീവിക്കുമ്പോൾ പട്ടിണി കിടന്നു മരിക്കാൻ നമ്മുക്ക് ഒരിക്കലും ഇടവരില്ല എന്ന അടിയുറച്ച വിശ്വാസം നമ്മെ ഭരിക്കുന്നുണ്ട്. വായ്പകൾ തരാൻ ബാങ്കുകൾ നമുക്കു മുൻപിൽ നിരന്നു നിൽക്കുമ്പോൾ പിന്നെ ഞാനെന്തിന് മറ്റുള്ളവരെ ആശ്രയിക്കണം എന്നുള്ള ഒരു മനോഭാവവും ഈ വിഘടിത രാഷ്ട്രീയത്തിനു പിന്നിലുണ്ട് എന്ന് പറയേണ്ടിവരുമോ?**

നാം മനസ്സിലാക്കേണ്ടതുണ്ട്. മലയാളി സംഘടന കളെപ്പോലും ഭയപ്പെടുന്ന പല മലയാളികളെയും പല സ്ഥലത്തും കാണാൻ കഴിയുന്നുണ്ട്; അത് യൂറോപ്പിലായാലും അമേരിക്കയിലായാലും. എന്തിനു പുതുതായി വരുന്ന മലയാളി കുടിയേറ്റക്കാരോടു മുഖം തിരിഞ്ഞു നിൽക്കുന്ന ഒരു വിഭാഗവും പാശ്ചാത്യ ലോകത്തുണ്ടെന്നു പറയേണ്ടി വരുന്ന ഒരു അവസ്ഥ കുറച്ചു ഹീനമാണെന്നേ പ റയാൻ കഴിയൂ. അതിനെല്ലാം അവരുടേതായ പലകാരണങ്ങളും അത്തരം വിഭാഗങ്ങൾക്ക് പറയാനുണ്ടാകുമെങ്കിലും കൂട്ടായ് മക്കു തടസ്സമായി നിൽക്കുന്ന ഘടകങ്ങളിലൊന്നായി ഇതിനെ കണക്കാക്കേണ്ടിയിരിക്കുന്നു.

എന്തായിരിക്കും ഈ വിഘടന ചിന്താഗതിയുടെ മൂലകാരണങ്ങൾ എന്നന്വേഷിച്ചാൽ ചില വസ്തുത കൾ നമുക്ക് മനസ്സിലാകും. ഉപ രിപഠനത്തിനും ജോലിക്കുമായി വീടു വിട്ടു നിൽക്കേണ്ടിവരുന്ന സാഹചര്യം ഒരുപക്ഷെ മലയാളിയെ വ്യക്തി കേന്ദ്രീകൃത ചിന്താധാരയിലേക്കും ജീവിത ശൈലിയിലേക്കും നയിച്ചിട്ടുണ്ടാകാം. മാത്സര്യസാമൂഹ്യ ജീവിത സാഹ ചര്യത്തിന്റെ മലീമസതയിൽ വളർന്നതുകൊണ്ട് ഒരുപക്ഷേ മുൻവിധിയോടെ എന്തിനെയും വീക്ഷിക്കുക എന്നത് മലയാളിയുടെ ഒരു സ്വഭാവമായി മാറിയോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. മത്സരപ്പരീക്ഷകളുടെ തീക്കളരിയിൽനിന്നും പടവെട്ടി നേടിയ പാടവം തുടർന്നുള്ള ജീവിതത്തിലും മാത്സര്യ മനോഭാവം വളർത്താനുതകുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ഒരേ കാലഘട്ടത്തിൽ വന്നുചേർന്ന ആളുകളിൽ ചിലർ മറ്റുള്ളവർ തങ്ങളേക്കാൾ കേമന്മാരാണെന്നു തോന്നിത്തുടങ്ങുമ്പോൾ അവരുടെ ഉന്നതിയെ അംഗീകരിക്കാനുള്ള വൈഷ്യമൃത്താൽ അവരുടെ പ്രവർത്തനമേഖലക്കു തടസ്സം വരുത്തുന്ന വിധ്വംസക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കാഴ്ച്ചയും വിരളമല്ല. 'മുമ്പന്മാർ പിമ്പന്മാർ' എന്ന രീതിയിലുള്ള വേലി കെട്ടിത്തിരിക്കലും മലയാളി സമൂഹത്തിന്റെ ഏകോപനത്തിനു ഒരു വലിയ തടസ്സം തന്നെ സൃഷ്ടിക്കുന്നുണ്ട്. പഠനകാലം കഴിഞ്ഞു അന്യനാടുകളിൽ ഒരു തൊഴിലിനായി ചേക്കേറുമ്പോൾ നഷ്ടപ്പെട്ട പ്രതാപവും സ്വത്വവും വീണ്ടെടുക്കുക എന്നുള്ള മോഹവും പേറി പിന്നീട് വിദേശ രാജ്യങ്ങളിലെ സംഘടനകളുടെ നേതൃനിരയിലേക്ക് കടന്നുവരുന്നവരിൽ പലരും അവരറിഞ്ഞോ അറിയാതെയോ വ്യക്തി താല്പര്യങ്ങളിൽ കുടുങ്ങിപ്പോകുന്നതും അങ്ങനെ വിശ്വാസം നഷ്ടപ്പെട്ടു പോകുന്നതും മിക്ക സംഘടനകളിൽ നിന്നും ലഭിച്ച ഒരു വിവരമാണ്. നിഷ്കാമ കർമ്മത്തിന്റെയും ജനാധിപത്യ മൂല്യങ്ങളുടെയും അക്ഷരമാലകൾ അന്യമാകുമ്പോൾ സ്വാർത്ഥ താല്പ ര്യങ്ങൾക്കു കുടപിടിക്കുവാനല്ലാതെ അവർക്കു മറ്റെന്തിനാണു കഴിയുക.

സഹകരണത്തിന്റെ വളക്കൂറുള്ള മണ്ണ് നമുക്ക് തീർത്തും അന്യമാണെന്നു പറയാൻ കഴിയാത്ത ഒരു കാലഘട്ടത്തിലൂടെ നടന്നു കയറിയവരാണ് നാമെന്ന സത്യം ഒരിക്കലും മറന്നുപോകരുത്. 1980 കളിലെ ഒരു കല്യാണവീടിന്റെ പശ്ചാത്തലം ഒന്ന് ഓർത്തു നോക്കിയാൽ ആ കാലത്തു എങ്ങനെയായിരുന്നു എന്ന് കുറേ പേർക്കെങ്കിലും അറിയാമായിരിക്കും. ആ ആഘോഷം വീട്ടുകാരന്റെ മാത്രം ഉത്തരവാദിത്തമല്ലായിരുന്നു മറിച്ചു ആ പരിസരവാസികളുടെയും കൂടിയായിരുന്നു. കൈയ്യും മെയ്യും മറന്നു പ്രവർത്തിക്കുന്ന സ്നേഹത്തിലുറച്ച ഒരു പരസ്പര സഹകരണ ബോധം അവർക്കുണ്ടായിരുന്നു. നാളെയെക്കുറിച്ചുള്ള ആകുലതകൾക്കു ഉത്തരം കണ്ടെത്തിയിരുന്നത് ആ സഹകരണ മനോഭാവമായിരുന്നു. എന്നാൽ നാം

ഇന്ന് വിദേശത്തായിരിക്കുമ്പോൾ നമ്മുടെ സഹകരണബോധം എവിടെപ്പോയൊളിച്ചു?

ഉത്തരവാദിത്തവും ശേഷിയുമുള്ള ഒരു ഭരണകൂടത്തിന്റെ പിൻബലത്തോടെ നാമിന്നിവിടെ ജീവിക്കുമ്പോൾ പട്ടിണി കിടന്നു മരിക്കാൻ നമ്മുക്ക് ഒരിക്കലും ഇടവരില്ല എന്ന അടിയുറച്ച വിശ്വാസം നമ്മെ ഭരിക്കുന്നുണ്ട്. വായ്പകൾ തരാൻ ബാങ്കുകൾ നമുക്കു മുൻപിൽ നിരന്നു നിൽക്കുമ്പോൾ പിന്നെ ഞാനെന്തിന് മറ്റുള്ളവരെ ആശ്രയിക്കണം എന്നുള്ള ഒരു മനോഭാവവും ഈ വിഘടിത രാഷ്ട്രീയത്തിനു പിന്നിലുണ്ട് എന്ന് പറയേണ്ടിവരുമോ? 'ഈശ്വര ചിന്തയിതൊന്നേ മനുജന് ശാശ്വതമീയുലകിൽ' എന്ന ഗാനശകലം പോലും ഇന്ന് പാശ്ചാത്യമണ്ണിനും അവിടെ വസിക്കുന്ന ഞാനുൾപ്പെടുന്ന മലയാളികൾക്കും എത്രമാത്രം അപ്രധാനമായിക്കൊണ്ടിരിക്കുന്നു എന്നതും ഈ അവസരത്തിൽ കൂട്ടിച്ചേർക്കാവുന്ന ഒന്നാണ്.

നീണ്ട ഒന്നര വർഷത്തെ കോവിഡിന്റെ താണ്ഡവത്തിൽ ലോകജനതക്കൊപ്പം വിദേശ മലയാളികളും ഒറ്റപ്പെട്ടു. പല ഭരണകൂടങ്ങളും കൈ അയഞ്ഞു സഹായിച്ചു. ഒത്തു ചേരലിന്റെയും കൂട്ടായ്മയുടെയും വിലയെന്തെന്നു നാം തിരിച്ചറിഞ്ഞു കഴിഞ്ഞു. മഹാകവി വള്ളത്തോൾ തന്റെ 'കൊച്ചുസീത' യെന്ന കവിതയിൽ പറഞ്ഞ ആശയം ഇന്ന് ഈ കൊറോണ കാലത്തിലൂടെ കവി നമ്മുക്കു അനുഭവ ഭേദ്യമാക്കിത്തീർത്തിരിക്കുന്നു:

**"ബന്ധുര കാഞ്ചനക്കൂ
ട്ടിലാണെങ്കിലും ബന്ധനം
ബന്ധനം തന്നെ പാരിൽ"**

കൂട്ടായ്മയുടെ യഥാർത്ഥ വിലയറിഞ്ഞ സമയം, സ്വാതന്ത്ര്യത്തിന്റെ മൂല്യമെന്തന്നറിഞ്ഞ കാലം. കൂട്ടുകാരൊത്തു ഒന്ന് കൂടാൻ... ആടാൻ... പാടാൻ... ദാഹിക്കുന്ന കിളിയുടെ വികാരത്തോടൊപ്പം...

**"വിട്ടയക്കുക കൂട്ടിൽ നിന്നെന്നെ
ഞാനൊന്നു വാനിൽ പറന്നു
നടക്കട്ടെ"**

എന്ന ബാലാമണിയമ്മയുടെ വരികളിലൂടെ, പാരതന്ത്ര്യം തീർത്ത പഞ്ജരത്തിനുള്ളിലിരുന്നുകൊണ്ട് ഇന്നു നാം വിലപിക്കുമ്പോൾ സ്വാതന്ത്ര്യത്തിന്റെ അർത്ഥവും വ്യാപ്തിയും അതിന്റെ അക്ഷരാർത്ഥത്തിൽ തന്നെ അനുഭവിച്ചു മനസ്സിലാക്കിയവരായ നാം ഈ അവസരത്തിൽ ഭിന്നതകളുടെയും നിസ്സഹകരണ മനോഭാവത്തിന്റെയും ചങ്ങലയിൽ കൊരുത്ത മണിച്ചിത്രപ്പൂട്ടുകൾ ഭേദിച്ച് ഒരു നല്ല കൂട്ടായ്മക്കായ് ഒരുങ്ങാം.


നല്ലതും സുതാര്യവുമായ മാതൃകയിൽ പ്രവർത്തിക്കാൻ കഴിയുന്ന നേതൃത്വങ്ങൾ ഇന്നിന്റെ ആവശ്യകതയാണ്. വിഭാഗീയതയുടെ വിഷവിത്തുകൾക്കു മീതെ ചിറകുവിരിച്ചു പറന്നു കൊണ്ടു അവയെ കൊത്തി വലിച്ചു കീറുന്ന നേരിന്റെയും നെറിവിന്റെയും ചുണ്ടുകളുടെ കരുത്തും ആവശ്യങ്ങളെ നേരത്തെ മനസ്സിലാക്കി വിദൂരങ്ങളിലേക്കു കണ്ണു പായിച്ചുകൊണ്ടു ലക്ഷ്യസ്ഥാനത്തേക്കു ചേർത്തുപിടിച്ചു സധൈര്യം മുന്നോട്ടു കുതിക്കുന്ന ക്രാന്തദർശികളായ ഒരു കൂട്ടുസംഘത്തെ സൃഷ്ഠിച്ചെടുക്കലാണ് ഇന്ന് മലയാളിക്കൂട്ടായ്മയുടെ ഏറ്റവും വലിയ വെല്ലുവിളി. അതിനായി ചുറ്റുമുള്ള പഞ്ചാബി-പാഴ്സിമാരുടെ ദേശീയതയെങ്കിലും ഒന്ന് നിരീക്ഷിച്ചാൽ നല്ലത്. തമിഴന്റെ ഭാഷാവികാരത്തെ ഒന്ന് തൊട്ടറിയുന്നത് അതിലും നല്ലത്. അതിലേറെ ഞാൻ മലയാളിയെന്ന ഔന്നത്യ ഭാവത്തിലേക്ക് നാം ഉയരേണ്ടിയിരിക്കുന്നു. ഭാഷയേയും പാരമ്പര്യത്തേയും ബഹുമാനിക്കാൻ നാം പഠിക്കേണ്ടിയുമിരിക്കുന്നു. അതിലുമുപരി നല്ലതിനെ പരിപോഷിപ്പിക്കുക, അംഗീകരിക്കുക എന്ന മാനവിക മൂല്യങ്ങളെങ്കിലും കൈ ചോരാതെ സൂക്ഷിക്കാൻ കഴിഞ്ഞാൽ, അഹംഭാവം വിട്ടു പരസ്പരം കൈകോർക്കാനായാൽ, ഒരേ വികാരമുള്ള ഒരു ജനതയായ്, ഒരു കൂട്ടായ്മയായി നമുക്കൊരുമിച്ചു ദേശാടന പക്ഷികളെപ്പോലെ ദൂരവും, കാലവും താണ്ടാനാകും. ■

**വിഭാഗീയതയുടെ വിഷവിത്തുകൾക്കു മീതെ ചിറകുവിരിച്ചു പറന്നു കൊണ്ടു അവയെ കൊത്തി വലിച്ചു കീറുന്ന നേരിന്റെയും നെറിവിന്റെയും ചുണ്ടുകളുടെ കരുത്തും ആവശ്യങ്ങളെ നേരത്തെ മനസ്സിലാക്കി വിദൂരങ്ങളിലേക്കു കണ്ണു പായിച്ചു കൊണ്ടു ലക്ഷ്യസ്ഥാനത്തേക്കു ചേർത്തുപിടിച്ചു സധൈര്യം മുന്നോട്ടു കുതിക്കുന്ന ക്രാന്തദർശികളായ ഒരു കൂട്ടുസംഘത്തെ സൃഷ്ഠിച്ചെടുക്കലാണ് ഇന്ന് മലയാളിക്കൂട്ടായ്മയുടെ ഏറ്റവും വലിയ വെല്ലുവിളി.**



# ഡേവിഡും, കോവിഡും പിന്നെ എതിർ സ്ഥാനാർത്ഥിയും

## (ഹാസ്യ ലേഖനം)



JJ Adoor, Calgary

**തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു കഴിഞ്ഞാൽ ഖദർ ഇട്ട ജനസേവരുടെ ഒരു തള്ളൽ തന്നെയായിരിക്കും. അഞ്ചു വർഷത്തിൽ ഒരിക്കൽ മാത്രം തോന്നുന്ന സേവനം എന്ന വിരോധാഭാസം. ബാക്കിയുള്ള സമയങ്ങളിൽ ഇപ്പോഴത്തെ ഭാഷയിൽ പറഞ്ഞാൽ ഒരുമാതിരി ഉടായിപ്പു പരിപാടിയുമായി മുന്നിൽ നിന്നാൽ മതി.**

അങ്ങനെ അടുത്ത തിരഞ്ഞെടുപ്പും വന്നെത്തി. ഇനി പാർട്ടിയിൽ നിന്ന് ഒരു സ്ഥാനാർത്ഥിയിട്ടു ഒരു നോമിനേഷൻ ലഭിക്കണമെങ്കിൽ എന്ത് പാടാണ്.

അറുപതു വർഷം മുൻപ് സ്ഥാനാർത്തിയിട്ടു ഒരാളെ ഒരു പാർട്ടിക്ക് കിട്ടാൻ വല്യ പ്രയാസമായിരുന്നു. അന്നൊക്കെ രാഷ്ട്രീയ പാർട്ടി പ്രവർത്തകരുടെ ജനസേവനം എന്നു പറഞ്ഞാൽ യതാർത്ഥ ജനസേവനം തന്നെയായിരുന്നു അത് ജനാധിപധ്യ പാർട്ടിയായാലും പുരോഗമന പാർട്ടിയായാലും. (ഇന്നത്തെ മാതിരി അജമാംസ രസായനം സേവിക്കുന്ന പോലെ ജനത്തെ പിഴിഞ്ഞ് രാജ്യത്തെ കട്ടു മുടിച്ചു അതിവേഗം കുടുംബത്തിനു വേണ്ടി ഉണ്ടാക്കി ബഹുദൂരം മുന്നോട്ടു പോകുന്ന ജനസേവകരല്ലായിരുന്നു) അതിനാൽ തന്നെ ഒരു സ്ഥാനാർത്ഥിയാകാൻ സാധാരണ ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന നേതാക്കൾ പോലും തയാറാകത്തില്ലായിരുന്നു. അവർക്കു ജനങ്ങളെ സേവിക്കാൻ സ്ഥാനമാനങ്ങൾ വേണ്ടായിരുന്ന കാലം.

നാടിൻറെ ഒരു ആവശ്യത്തിന്, ജാതിയും, മതവും, കോടിയുടെ നിറവും നോക്കാതെ പ്രവർത്തിച്ചിരുന്ന ഒരുപറ്റം നല്ല ജനസേവകർ ഉണ്ടായിരുന്ന കാലം. കുടുംബത്തിൽ തലമുറയായി, പാരമ്പര്യമായി വന്നുചേർന്ന സ്വത്തുക്കൾ പോലും പാർട്ടിക്ക് വേണ്ടി, ജനങ്ങൾക്ക് വേണ്ടി കൊടുത്തിരുന്ന ആ കാലം ഇനി തിരിച്ചുവരുമോ? എന്തരോ എന്തോ?

ഇപ്പോൾ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു കഴിഞ്ഞാൽ പിന്നെ ജനാധിപധ്യ പാർട്ടിയിലെ സ്ഥാനാർഥി മോഹികളുടെ എണ്ണം വച്ചു നോക്കിയാൽ, പരശുരാമൻ ഏറ്റവും കുറഞ്ഞത് ഒരു നൂറു കേരളം എങ്കിലും മഴു എറിഞ്ഞുണ്ടാക്കിയാലും അതിലെ നിയോജകമണ്ഡലങ്ങൾ തികയാതെ വരും. (പുരോഗമന പാർട്ടിയിൽ ഒരു മാന ദണ്ഡം ഒക്കെയുള്ളതുകൊണ്ട് ഇടിച്ചുകയറത്തില്ല)

തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു കഴിഞ്ഞാൽ ഖദർ ഇട്ട ജനസേവരുടെ ഒരു തള്ളൽ തന്നെയായിരിക്കും. അഞ്ചു വർഷത്തിൽ ഒരിക്കൽ മാത്രം തോന്നുന്ന സേവനം എന്ന വിരോധാഭാസം. ബാക്കിയുള്ള സമയങ്ങളിൽ ഇപ്പോഴത്തെ ഭാഷയിൽ പറഞ്ഞാൽ ഒരുമാതിരി ഉടായിപ്പു പരിപാടിയുമായി മുന്നിൽ നിന്നാൽ മതി.

പ്രളയം വന്നാലും, മഹാമാരിവന്നാലും, എല്ലാം കഴിഞ്ഞിട്ട് ഞങ്ങളാണ് എല്ലാം പരിഹരിച്ചത് എന്നു പറഞ്ഞു എട്ടു കാലി മമ്മൂഞ്ഞു മാതിരി നിന്നാൽ മതി. പക്ഷെ സ്ഥാനാർഥിയാക്കണമെങ്കിൽ ശരിക്കും പണിയെടുക്കണം, ഡൽഹിക്കു പറക്കണം, ഹൈകമാണ്ടിനേയും, ലോകമാണ്ടിനേയും കാണണം, കാര്യം ബോധിപ്പിക്കണം, ചിലപ്പോൾ പേയ്മെന്റ് സീറ്റ് ആയാൽ കോടികൾ കൊടുക്കണം, പിന്നെ പെരുന്നയിലെയും, കണിച്ചി കുളങ്ങരയിലെയും, അരമന യിലെയും, തങ്ങളുപ്പാപ്പയുടെയും ജാതി സർട്ടിഫിക്കറ്റുകൾ യഥാക്രമം ജാതിയനുസരിച്ചു ഹാജരാക്കണം, എന്തെല്ലാം ചടങ്ങുകളാണ്. (ഇതിനിടയ്ക്ക് യൂത്തു പ്രതിനിധി എന്നുപറഞ്ഞു വയസ്സ് അൻപതു കഴിഞ്ഞവരും ക്യൂ നിൽക്കുകയാണ്, അവർക്കു നറുക്കു വീഴണം എങ്കിൽ എഴുപതുകളിൽ പുതുരക്തം ഭരണത്തിൽ വരണമെന്ന് പറഞ്ഞു സ്ഥാനം നേടിയവർ, ശവപ്പെട്ടിയിൽ കിടക്കാറായിട്ടും ഒഴിഞ്ഞു കൊടുക്കാതെ വാർദ്ധക്യത്തിലും യുവരക്തമായി അവർ സ്ഥാനാർഥിയാകാൻ പൊരുതുന്നവർ സ്വയം കനിഞ്ഞനുഗ്രഹിച്ചാലേ നടക്കൂ).

ഇനി അഥവാ അവിടുന്ന് (ഹൈകമാണ്ടും, ലോകമാണ്ടും) തന്നില്ലെങ്കിൽ, ഇടം തിരിഞ്ഞു, വലം തിരിഞ്ഞു, കുനിഞ്ഞമർന്നു, കൂറുമാറി, ചിഹ്നം മാറി, മറുമുന്നണിയിൽ സീറ്റ് ഉറപ്പിക്കാൻ നോക്കണം. ഇനി അതും പറ്റിയില്ലെങ്കിൽ തലമുണ്ഡനം ചെയ്തു സ്വതന്ത്ര സ്ഥാനാർഥിയാകണം.

അങ്ങനെ പഴയ പുതുരക്തത്തിൽ പെട്ട ഡേവിഡ് ഒരുവിധം സ്ഥാനാർഥിപ്പട്ടികയിൽ കയറിക്കൂടി, തിരിച്ചു നാട്ടിൽ വന്നപ്പോഴാണറിയുന്നത് മണ്ഡലം വേറെയാണെന്ന്. പിന്നെ പുറപ്പുറത്തു ബംഗാളിയെ കയറ്റി, ആത്മഹത്യ ഭീഷണി മുഴക്കിപ്പിച്ചു, അയ്യോ സാറെ പോകരുതേ എന്ന് അഭ്യുദയ കാംഷികളെ കൊണ്ട് കരയിപ്പിച്ചു സ്വന്തം നിയോജകമണ്ഡലവും ഉറപ്പിച്ച ഡേവിഡിന്റെ, അടുത്ത ലക്ഷ്യം ജയിക്കുക എന്നത് മാത്രമായി.

എങ്ങനെ എതിർ സ്ഥാനാർത്ഥിയെ അടുത്ത പതിനാലു ദിവസം പ്രചാരണത്തിനിറക്കാതെ വീട്ടിനകത്തിരുത്താം, സ്ഥാനാർത്ഥി വെളിയിൽ വന്നു വോട്ട് ചോദിച്ചില്ലെങ്കിൽ പിന്നെ ബുദ്ധിമുട്ടില്ലാതെ ജയിച്ചു കയറാം.

ഡേവിഡ് തലപുകഞ്ഞാലോചിച്ചു കഞ്ഞിക്കുഴി സതീശന്റെ മാതിരി ഒരു തന്ത്രം ഉറപ്പിച്ചു. കോവിഡ് പിടിപെട്ട ഒരു അണിയെക്കൊണ്ട് എതിർ സ്ഥാനാർത്ഥിയെ കെട്ടിപ്പിടിപ്പിക്കുക, തിരഞ്ഞെടുപ്പ് ആയതുകൊണ്ട് നിയോജകമണ്ഡലത്തിലെയോ, അല്ലാത്തതോ ആയ ആരുവന്നു കെട്ടിപ്പിടിച്ചാലും, ഉമ്മ വെച്ചാലും സ്ഥാനാർത്ഥി നിന്നുകൊടുക്കും, സ്വന്തം വോട്ടർ അല്ലയോ? അങ്ങനെ കെട്ടിപ്പിടുത്തം നടന്നു കഴിഞ്ഞാൽ കോവിഡ് പ്രോട്ടോകോൾ അനുസരിച്ചു ക്വാറന്റീനിൽ പോകാൻ പറയാം.

അടുത്ത ദിവസം രാവിലെ കോവിഡ് പിടിപെട്ട അണിയെക്കൊണ്ട് എതിർ സ്ഥാനാർത്ഥിയെ കെട്ടിപ്പിടിപ്പിക്കാൻ ചെന്നപ്പോളാണ് ഡേവിഡിന്റെ കണ്ണുതള്ളിപ്പോയത്. എതിർ സ്ഥാനാർത്ഥി അതാ മുഴുവൻ പി.പി. ഇ ധരിച്ചുകൊണ്ട്, ആർക്കും പെട്ടന്ന് മനസ്സിലാകാത്ത വിധത്തിലാണ് തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഇറങ്ങിയിരിക്കുന്നത്.■

# പടിയിറക്കം



Shahitha Rafeek
Calgary

പടിയിറങ്ങിപ്പോകുന്നു പ്രാണനിൽ
നിറവ് നൽകിയോർ പലരും മൗനമായ്..
പറയുവാനെത്ര ബാക്കിയുണ്ടാവണം
ജീവവായു കിട്ടാതുലയുമ്പോൾ
ഓർമ്മകൾക്കൊപ്പം നെഞ്ചിൽ തടഞ്ഞവ..

കേൾക്കുവാനെത്ര കാതോർത്തിരിക്കണം
പ്രിയമാർന്നവർ മൊഴിയുന്ന വാക്കുകൾ..
കണ്ണടയ്ക്കും മുൻപേ തിരഞ്ഞുവോ
വിറയാർന്ന ചുണ്ടു ചേർത്തൊരു ചുംബനം..

പടയിറങ്ങിപ്പോകുന്നു മൗനമായ്
തിരികെയെത്താതെ, തിരി കൊളുത്താതെ

വിജനമാവുന്ന പാതയോരങ്ങളിൽ
നീ ഇറുക്കാത്ത കാട്ടുപൂവുകൾ
ശൂന്യമാവുന്നു കളിയിടങ്ങളിൽ
തണൽ നിറച്ചൊരാ മരച്ചുവടുകൾ

കണ്ണടയ്ക്കുമ്പോൾ കാവലായ് നിന്നവർ
കൺതുടയ്ക്കുവാനാവാതെ പോയവർ
വീടുകൾക്കുള്ളിൽ ലോകം ചുരുങ്ങുന്നു
മൂകമാവുന്നു സായന്തനങ്ങളും..

ഒരു മറയ്ക്കപ്പുറം മറഞ്ഞൊരാ
മധുരമാം പുഞ്ചിരി തിരികെയെത്തുമോ?
സ്നേഹവായ്പ്പാർന്നൊരാലിംഗനങ്ങളിൽ
പ്രണയപൂർവമീ ലോകമെത്തുമോ?

ദൂരെയേതോ വസന്തം നമുക്കായ്
കാത്തിരിക്കുമോ, കിളികൾ ചിലയ്ക്കുമോ?
എന്നിൽ നിന്നും നിന്നിലേക്കൊരു
ഭീതിയില്ലാതെയാ ചിരികൾ പടരുമോ?



# ഗൃഹാതുരതയുടെ കാൻവാസിൽ വർണ്ണരാജി വിരിയിച്ച് സുജ

Ashraf Kodinjhi


**ഗൃഹാതുരമായ** ഓർമകളും നാട്ടിൽ പുറങ്ങളിലെ സാധാരണ ജീവിതങ്ങളും കാൻവാസിൽ പകർത്തി സുജ പ്രശാന്ത് എന്ന ചിത്രകാരി. പ്രവാസത്തിലെ ഏകാന്തതയിൽ ഭാവനയുടെ ചിറകിലേറി സഞ്ചരിക്കുകയാണ് റിയാദിൽ അധ്യാപികയും മലപ്പുറം പൊന്നാനി സ്വദേശിയുമായ ഈ കലാകാരി. ഒറ്റപ്പെടുന്ന വാർദ്ധക്യത്തിലെ നൊമ്പരങ്ങൾ, വൈധവ്യത്തിന്റെ അവശതകൾ, അധ്വാനിക്കുന്ന ഗ്രാമീണതയുടെ ബഹുമുഖ ചിത്രങ്ങൾ, പ്രകൃതിയുടെ വിവിധ ഭാഗങ്ങൾ എല്ലാം തന്നെ നിറക്കൂട്ടുകളിൽ സമ്പന്നമാണ് ഇവരുടെ വീട് നിറയെ. 15 വർഷമായി റിയാദിലെ എരിത്രിയൻ ഇന്റർനാഷണൽ സ്കൂളിലെ അധ്യാപികയാണ്. ഒരു കലാകാരിയെന്ന നിലയിൽ തന്റെ ആശയങ്ങളും നിരീക്ഷണങ്ങളും ഇഷ്ട മാധ്യമമായ പെയിന്റിങ്ങിലൂടെ അവർ പങ്കു വക്കുന്നു. ഇന്നത്തെ സാംസ്കാരിക നിച്ഛലതയിൽ മൗനത്തിന്റെ ഭാഷയിൽ ഒരുപാട് സംസാരിക്കുന്നുണ്ട് ഓരോ ചിത്രങ്ങളും. നൈസർഗികമായ വാസന കൊണ്ട് ചെറുപ്പത്തിലേ ചിത്രം വരച്ചു തുടങ്ങിയ സുജക്ക് മാതാപിതാക്കളും  അധ്യാപകരും നല്ല പ്രോത്സാഹനം നൽകിയിരുന്നു. കോളേജ് വിദ്യാഭ്യാസ കാലത്തു നിരവധി മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. കോയമ്പത്തൂരിലെ എസ്. എൻ. ജി. കോളേജിൽ നിന്ന് മൈക്രോബയോളജിയിൽ നിന്ന് ബിരുദം നേടിയ ശേഷം വിവാഹിതയാവുകയും തുടർന്ന് പ്രവാസത്തിലേക്കു ജീവിതം പറിച്ചു നേടുകയും ചെയ്തു. അധ്യാപനത്തോടൊപ്പം പുറവാസത്തിലെ അനർഘ നിമിഷങ്ങളാണ് ഈ ചിത്രകാരിയെ കൂടുതൽ ഉത്തേജിപ്പിച്ചതും തേച്ചുമിനുക്കിയതും. റിയലിസ്റ്റിക്കായിട്ടുള്ള ചിത്രങ്ങൾ ചെയ്യാനാണ് താല്പര്യം. ദൈനം




ദിന ജീവിതത്തിൽ മനസ്സിൽ പതിഞ്ഞിട്ടുള്ള കാര്യങ്ങൾ, ചുറ്റുപാടിലുകളിലെ വ്യത്യസ്തമാർന്ന മുഖങ്ങൾ, യാത്രകൾ നൽകുന്ന അനുഭൂതികൾ എല്ലാം തന്നെ വിഷയങ്ങളായി മാറാറുണ്ട്.

ആശയങ്ങൾ മൂർത്തമായ ശേഷം നാലോ അഞ്ചോ മണിക്കൂറുകൾ കൊണ്ട് കാൻവാസിൽ പകർത്തുകയാണ് ശൈലി. ആസ്വാദനം കൂടുതൽ മിഴിവേകാൻ ആവശ്യപ്പെടുന്ന നിറക്കൂട്ടുകളാണ് ഉപയോഗിക്കുക. വാട്ടർ കളറും എണ്ണച്ചായവും ആക്രിലിക്കുമൊക്കെ ഇതിനായി തെരഞ്ഞെടുക്കുന്നു. ഇടക്ക് പുതിയ രീതികളിലൊന്നായ പാലറ്റ് നൈഫ് ഉപയോഗിച്ചുള്ള പരീക്ഷണങ്ങളും നടത്താറുണ്ട്. ആവശ്യപെടുന്നതിനനുസരിച്ചു ചിത്രങ്ങൾ ക്യാൻവാസിൽ ചെയ്തു കൊടുക്കുകയാണ് പതിവ്. സ്വദേശികളും വിദേശികളും ചിത്രങ്ങൾക്കായി സമീപിക്കാറുണ്ട്. തന്റെ നാട്ടുകാരായിരുന്ന ആർട്ടിസ്റ്റ്  നമ്പൂതിരിയും പത്മിനിയും മറ്റു നിരവധി കലാകാരന്മാരുമൊക്കെ തനിക്ക് വലിയ പ്രചോദന മാണെന്ന് അവർ പറഞ്ഞു. നാട്ടിലെത്തിയാൽ ഒരു അക്കാദമി തുടങ്ങണമെന്നത് ഏറ്റവും വലിയ സ്വപ്നമാണ്. റിയാദിലെ സ്വകാര്യ കമ്പനിയിൽ ഉദ്യോഗസ്ഥനും പൊന്നാനി സ്വദേശിയുമായ പ്രശാന്താണ് ഭർത്താവ്. തൃശൂർ ചിന്മയ സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥി രോഹിത്, റിയാദ് അലയസ്മിൻ ഇൻററെർനാഷണൽ സ്കൂൾ വിദ്യാർത്ഥി ദിയ എന്നിവർ മക്കളാണ്. ഡിജിറ്റൽ പെയിന്റിങ്ങിനോടാണ് മകന് താല്പര്യം.






# R. K. NARAYAN

## Who Gave Us Malgudi Days and Many More



Sandeep Sam Alexander
Calgary

Most that grew up in the 70s or 80s and early 90s in India didn't have many options to entertain and Doordarshan was the only option for many to watch TV before Cable TV was a household norm. If many of those times recall, Malgudi Days that came up on TV in the mid 80s to late 80s was an iconic series like the new readily and abundantly available series on online streaming services or YouTube or similar platforms. It was a fresh breath to all to watch ***Malgudi Days*** similar to many eagerly waiting to watch the iconic TV serials, Ramayan or Mahabharat which were the Indian version of Game of Thrones during a time when computer technologies or graphic related editing were not there, and things were mostly done manually.



R. K. Narayan is considered as one of the leading figures of early Indian literature in English. He is the one who made India accessible to the people in foreign countries; he gave unfamiliar people a window to peep into Indian culture and feelings.

The TV Show, *Malgudi Days* was based on the short stories written by ***R. K. Narayan,*** the legendary storyteller of South India and one of the first Indians to write in English and achieve many international acclaims. His writings were mainly set in the fictional South Indian town of Malgudi, the home of many lively characters such as *Swami* and his friends, *Mr. Sampath* and *Nataraj,* a small fictional town in *Mysore* but seems that the place does exist in reality.

*Rasipuram Krishnaswami Narayan* (in short *R. K. Narayan*) was born in *Madras, Tamil Nadu* on October 10, 1906. He got his education at Maharaja's College (now called Collegiate High School) in Mysore where his father was a professor. Like many successful people, he was not immediately successful in his writing career. He struggled to earn his living out of what he got by writing stories and essays for various newspapers. Despite the low pay, he had a normal life and few needs, and his family and friends appreciated and embraced his unconventional career choice in place of mainstream jobs.

Swami and Friends, Narayan's first book was rejected by number of publishers in 1930. The novel was based on several incidents from his own childhood and was semi-autobiographical. With this book, Narayan developed Malgudi, a town that not only creatively replicated the social sphere of the country while ignoring the constraints imposed by colonial rule but also grew in response to the numerous socio-political changes that occurred in British and post-independence India. But things changed for him after many struggles, when the manuscript that was sent through an Oxford acquaintance to Graham Greene who was impressed and then helped to get it published. From there onwards, R. K. Narayan never looked back and continued fascinating readers all over the world. In 2019, Swami and Friends was chosen as one of BBC's 100 Novels That Shaped Our World.

R. K. Narayan is considered as one of the leading figures of early Indian literature in English. He is the one who made India accessible to the people in foreign countries; he gave unfamiliar people a window to peep into Indian culture and

feelings. His work involves must read and captivating novels like: The Guide, The Financial Man, Mr. Sampath, The Dark Room, The English Teacher, A Tiger for Malgudi, etc. Although Narayan's contribution to the Indian literature is beyond description and the way he grabbed foreign audience's attention to Indian literature is admirable, he will always be remembered for the invention of Malgudi, a semi-urban fictional town in southern India where most of his stories were set. Narayan won numerous laurels for his literary work: Sahitya Akademi Award, Padma Bhushan, AC Benson Medal of the Royal Society of Literature, honorary membership of the American Academy of Arts and Literature, Padma Vibhushan, etc. The Guide won the prestigious Sahitya Akademi Award, first time given to a book in English. Many of the stories were adapted into movies in Tamil, Kannada and Hindi languages.

Narayan's second book, The Bachelor of Arts, was influenced in part by his college experiences and dealt with the theme of a rebellious adolescent transitioning to a rather well-adjusted adult. It was published in 1937 by a different publisher on Greene's suggestion. His third novel, The Dark Room, dealt with marital strife, portraying the man as the oppressor and the woman as the victim inside a marriage, and was published in 1938. Fourth novel; The English Teacher was an autobiographical which was almost entirely based on his own life, although with different names for the characters and a different setting in Malgudi. Narayan tried his hand at publishing a journal, Indian Thought, in 1940 and was able to get over a thousand subscribers in Madras (now Chennai) city alone. However, due to Narayan's inability to handle the company, it only lasted a year before ceasing publication.

Malgudi Days, his first book of short stories, was published in November 1942, and The English Teacher, in 1945. During this time Narayan founded his own publishing house, Indian Thought Publications, which was a success and is still in operation today. His books began to sell well, and in 1948 he began construction of his own home on the outskirts of Mysore, which he finished in 1953. Later citizens groups and the Mysore City Corporation helped in converting his home into a museum in his honour. Narayan wrote a screenplay for the Gemini Studios film Miss Malini (1947), which was the only story he ever completed for the screen.

> In 1951, he published The Financial Expert, which is widely regarded as his masterpiece and one of the most original works of literature. Waiting for the Mahatma, a novel loosely based on Mahatma Gandhi's fictional visit to Malgudi was published in 1955 and deals with the protagonist's romantic feelings for a woman while attending the Mahatma's discourses.

R. K. Narayan's next novel Mr. Sampath was a more imaginative and creative external style compared to the semi-autobiographical tone of the earlier novels. In 1951, he published The Financial Expert, which is widely regarded as his masterpiece and one of the most original works of literature. Waiting for the Mahatma, a novel loosely based on Mahatma Gandhi's fictional visit to Malgudi was published in 1955 and deals with the protagonist's romantic feelings for a woman while attending the Mahatma's discourses. Since 1958, he had written essays for newspapers and magazines, which were included in the collection.

The Guide, his next book, was written while he was on a Rockefeller Fellowship in the United States in 1956. Narayan met his friend and mentor Graham Greene for the first and only time during a visit to England around this time. Narayan was known for writing essays, some of which were published in newspapers and journals, to share his ideas. Next Sunday was a compilation of these kinds of conversational essays, and it was his first book. My Dateless Diary, detailing his experiences during his 1956 visit to the United States, was published soon after. The Man-Eater of Malgudi, Narayan's next book, was released in 1961. According to reviews, the book has a plot that is a classic comedy art form with delicate power.

Gods, Demons, and Others a collection of revised and translated short stories from Hindu epics, was Narayan's first mythological book,




> R. K. Narayan's biographers, Susan Ram and N. Ram, noted that Malgudi "connects with a rural hinterland, and jungle and forest are never far away." They added: "This town teems with life, abounds with color. To wander any street, peer through a window or push open a door is to encounter a character."

published in 1964. The Vendor of Sweets, a novel written by Narayan in 1967, was his next published work. It was influenced by his travels to the United States and contains extreme portrayals of both Indian and American stereotypes, showcasing the many cultural differences. A Horse and Two Goats, a collection of short stories, was his next book, released in 1970.

R. K. Narayan started translating the Kamba Ramayanam to English which was published in 1973, after five years of work. In 1978, he completed a condensed translation of the Sanskrit epic Mahabharata. In 1977, he released another book, The Painter of Signs. The Karnataka government commissioned Narayan to write a book to encourage tourism in the state and in 1980, The Emerald Route, a travelogue on Karnataka was published.

In 1982, he released two collections of short stories: Malgudi

Days, a revised version that included the original book and some additional stories, Under the Banyan Tree and Other Stories. The collection of stories was later adopted for the famous Malgudi Days TV Serial of the mid to late 80s. In 1987, he published A Writer's Nightmare, a collection of essays about the caste system, Nobel Prize winners, lust, monkeys, and other topics.

His next book, The World of Nagaraj, was released in 1990 and is also set in Malgudi. Grandmother's Tale, Narayan's final novel, was published in 1992. This was an autobiographical novella about his great-grandmother's quest for her husband, who had run away shortly after their marriage. When he was a child, his grandmother told him about the incident. Narayan highlights the social context and everyday life of his characters; thus the reader is able to relate closely and enthralled while reading. He has been compared to William Faulkner who created a similar fictional town and explored with humor and compassion the energy of ordinary life.

R. K. Laxman, Indian cartoonist who is best known for his creation The Common Man and daily cartoon strip, You Said It published in The Times of India, was the youngest brother of R. K. Narayan. He actually illustrated for many stories his elder brother wrote, especially sketches for Malgudi Days.

In addition to nearly three dozen novels, several short-story collections, memoir and countless essays during his rich literary life, Mr. Narayan was never short of causes, especially the environment. While in his 80s, he took on the plight of Indian children and made them

Through his work, Narayan's greatest accomplishment was to portray India to the rest of the world. Along with Raja Rao and Mulk Raj Anand, he is considered one of the most important Indian authors in English-language fiction.

the subject of an unusual inaugural speech in India's upper house of Parliament, the Rajya Sabha, to which he was nominated in 1985 for his cultural contributions to the country. Children, he said, no longer had time to play "or look at birds and trees."

R. K. Narayan's biographers, Susan Ram and N. Ram, noted that Malgudi "connects with a rural hinterland, and jungle and forest are never far away." They added: "This town teems with life, abounds with color. To wander any street, peer through a window or push open a door is to encounter a character." It is indeed a great disappointment there is not even a single website or online social media pages dedicated to R. K. Narayan other than the few public reference sources mentioned below.

Through his work, Narayan's greatest accomplishment was to portray India to the rest of the world. Along with Raja Rao and Mulk Raj Anand, he is considered one of the most important Indian authors in English-language fiction. He created an accurate and immersive experience for his readers by depicting small-town India to them and Malgudi was more than just a fictional Indian town as it was also a store of characters, each with their own idiosyncrasies and outlooks, making the situation familiar to the readers as if it were set in their own backyards. R. K. Narayan passed away on May 13, 2001, in Chennai at the age of 94.

To many who grew up reading English classics as well as children's stories by Enid Blyton and other titles like Nancy Drew or Hardy Boys, R. K. Narayan's literary works were equally closer to heart and do take us back to the good old times when things were simple and less hectic. The books are usually short reads and highly recommended to all, especially the current generation who may find the titles online. Also, Rajshri, the company that bought the rights of Malgudi Days TV Series, has now put this entire series up on YouTube (search for Malgudi Days or go to Ultra Bollywood channel), so we can now revisit the charming world of Malgudi once again.

***Sources used for the article:***

- *https://www.nytimes.com/2001/05/14/books/r-k-narayan-india-s-prolific-storyteller-dies-at-94.html*
- *https://www.vedantu.com/biography/r-k-narayan-biography*
- *https://www.thefamouspeople.com/profiles/r-k-narayan-5285.php*
- *http://www.rigzin.freeservers.com/rknarayan.htm#book*
- *https://en.wikipedia.org/wiki/R._K._Narayan*



# ലില്ലിപ്പൂക്കളെ സ്നേഹിച്ച മാലാഖ



Shijo Jacob
Edmonton

## ഗ്ലാഡിയമ്മയെന്തേ ആന്റീ..?

‘‘നീ സത്യത്തിൽ എന്നെ കാണാൻ വന്നതോ അതോ ഗ്ലാഡിയമ്മയെ കാണാൻ വന്നതോ’’ ഒരല്പം കുശുമ്പോടെ തന്നെ ആന്റിയെന്നോട് ചോദിച്ചു.

ഒരു വർഷം മുമ്പാണ് ആന്റി (കന്യസ്ത്രീയാണ് കേട്ടോ) ഞങ്ങളുടെ വീട്ടിൽ നിന്നും അധികം ദൂരമില്ലാത്ത ഈ പുതിയ മഠത്തിലേക്ക് സ്ഥലം മാറ്റം കിട്ടി വന്നത്. അടുത്തായതുകൊണ്ടു എല്ലാ മാസവും അമ്മയും ഞാനും ആന്റിയെക്കാണാൻ വരും.

**“എല്ലാം ഒന്ന് കെട്ടടങ്ങുമ്പോൾ പോണം, ഗ്ലാഡിയമ്മയുടെ കുഴിമാടത്തിലേക്കു.. കൈനിറയെ വെളുത്ത ലില്ലിപ്പൂക്കളുമായി.. എന്നിട്ടു സ്വർഗം കേൾക്കുമാറ് ഉച്ചത്തിൽ വിളിച്ചു പറയണം.. ഗ്ലാഡിയമ്മയുടെ മോഹം ഒരിക്കലും തെറ്റായിരുന്നില്ലെന്നു.. ഞങ്ങളുടെ.. ചിരിക്കാൻ മറന്ന മനുഷ്യന്റെ അതിരുകടന്ന മോഹങ്ങളാ സിസ്റ്ററമ്മേടെ കൊച്ചാഗ്രഹം തകർത്തുകളഞ്ഞതെന്ന്..”**

ആദ്യമായി ആ മഠത്തിൽ പോയ ദിവസം വാതിൽ തുറന്നുത ന്നയാളാണ് ഗ്ലാഡിയമ്മ സിസ്റ്റർ. പ്രായം ചെല്ലുന്തോറും ചുറുചുറുക്ക് കൂടുന്നത് ഒരു അസുഖമാണെങ്കിൽ, ഗ്ലാഡിയമ്മ ഒരു രോഗിയാണ്. പൊക്കം തീരെ കുറഞ്ഞ. മുന്നോട്ടൊരൽപം വളവുള്ള, ആ മഠത്തിലെല്ലായിടത്തും ഓടിച്ചാടിന ടക്കുന്ന എൺപത്തിയഞ്ചു വയസുള്ള ഗ്ലാഡിയമ്മയെ കണ്ടാൽ ആരും മനസ്സിൽ പറഞ്ഞു പോകും "age is just a number."

രണ്ടാം തവണയും ആന്റിയെ കാണാൻ ചെന്നപ്പോൾ വാതിൽ തുറന്നതും ഗ്ലാഡിയമ്മ സിസ്റ്റർ തന്നെ. കുറച്ചു കുശലം പറഞ്ഞതിനുശേഷം സിസ്റ്റർ മുറ്റത്തേക്കിറങ്ങി.

..എന്താ ആന്റീ ഗ്ലാഡിയമ്മയാണോ നിങ്ങടെ സെക്യൂരിറ്റി..? എപ്പോ വന്നാലും ഗ്ലാഡിയമ്മയാണല്ലോ വാതിൽ തുറക്കണേ..?

വളരെ ശ്രദ്ധയോടെ എനിക്കുള്ള ചായ പകർത്തുന്നതിനിടെ ആന്റിയൊന്നു ജനലിലൂടെ മുറ്റത്തേക്കുനോക്കി, ഗ്ലാഡിയമ്മ കേൾക്കുന്നില്ലെന്നു ഉറപ്പുവരുത്തി എന്നോട് പറഞ്ഞു..

..ഇവിടെ ആര് കോളിങ് ബെൽ അടിച്ചാലും ഗ്ലാഡിയമ്മയാ ഓടിപ്പോയി വാതിൽ തുറക്കാ.. സിസ്റ്ററിന്റെ ബന്ധുക്കൾ ആരേലും ആയിരിക്കും എന്ന് വിചാരിച്ചു പോണതാ.. പാവം.

പറഞ്ഞു തീർന്നില്ല അതിനുമുമ്പേ ഗ്ലാഡിയമ്മ മുറിയിലേക്കുവന്നു, കൈനിറയെ നല്ല മഞ്ഞ റംബൂട്ടാനുമായി..

..മോനിഷ്ടമാണോ റംബൂട്ടാൻ..?

..പിന്നെ ഇഷ്ടമാണോന്നോ.. ഇവിടെ റംബൂട്ടാന്റെ മരമുണ്ടോ..? ഉം.. മോൻ വാ സിസ്റ്റർ കാട്ടിത്തരാം ഞങ്ങടെ പൂന്തോട്ടം.

..ഇതുകൊള്ളാല്ലോ ഗ്ലാഡിയമ്മേ.. ഇവിടെയില്ലാത്ത പഴങ്ങൾ ഒന്നുമില്ലല്ലോ..

..ഇതാണ് ഞങ്ങളുടെ പറുദീസ.. പഴങ്ങളുടെ പറുദീസ. ആദവും ഹവ്വയും ഒഴികെ ബാക്കിയെല്ലാം ഇവിടെയുണ്ട്.

സിസ്റ്ററിന്റ മോണകാട്ടിയുള്ള ചിരികാണാൻ നല്ല രസം തോന്നി.

..അതുശരി ഗ്ലാഡിയമ്മ നല്ല തമാശക്കാരിയാണല്ലോ..?

..സിസ്റ്ററിനു തമാശ പറയാനൊന്നും അറിയില്ല. പക്ഷെ ചിരിക്കാനിഷ്ടമാണ്. മോനറിയോ ചിലപ്പോ ഓരോന്നാലോചിച്ചു സിസ്റ്റർ ഒറ്റക്കിരുന്നു ചിരിക്കുമ്പോൾ മോന്റെ ആന്റിക്കുവരെ തോന്നിയിട്ടുണ്ട്, സിസ്റ്ററിനു വട്ടാണോന്ന്..

ഇത്തവണ ഞാനും കുറെ ചിരിച്ചു, ഞാനീ എഴുതുന്ന പോലെയല്ല, ഗ്ലാഡിയമ്മ പറയണ കേൾക്കാൻ നല്ല രസാ...

പിന്നീടങ്ങോട്ടുള്ള എല്ലാ സന്ദർശനങ്ങളിലും അമ്മ ആന്റിയോടും ഞാൻ ഗ്ലാഡിയമ്മയോടും സംസാരിച്ചിരിക്കും.. ഞങ്ങൾ തമാശകളും പൊട്ടിച്ചിരികളുമായി ആ പറുദീസയാകെ നടക്കും.. ഓരോ തവണ കാണുമ്പോളും സിസ്റ്ററിനോടുള്ള സ്നേഹം കൂടിവന്നു.. ഒരു പ്രത്യേകതരം ഇഷ്ടം.. എങ്ങനെയാ അത് പറയാ.. ''മാതൃത്വം തുളുമ്പുന്ന സൗഹൃദം'' അങ്ങനെ വേണേൽ പറയാം.

രണ്ടു മാസം മുമ്പാണ് മഠത്തിൽ അവസാനമായി പോയത്.. ഇത്തവണ ഗ്ലാഡിയമ്മയുടെ മുഖത്തു പതിവില്ലാത്ത ഒരു സന്തോഷം..

..എന്താ ഗ്ലാഡിയമ്മേ നല്ല ഹാപ്പിയാണല്ലോ.. എന്താ സംഭവം, പറയ്.

..ഇന്നലെ എന്റെ ആങ്ങളേടെ മോനും അവന്റെ പെണ്ണും, പിള്ളേരും ഒക്കെ വന്നിരുന്നു, കുറേനേരം സംസാരിച്ചിരുന്നു.. സിസ്റ്ററമ്മക്കു നല്ല സന്തോഷായി.. കുറെയായി അവരെയൊക്കെ ഒന്ന് കണ്ടിട്ട്.. അതുപോട്ടെ മോൻ ചായകുടിച്ചില്ലല്ലോ, സിസ്റ്റർ ഇങ്ങോട്ട് കൊണ്ടുവരാം...

ഞാൻ ചായകുടിച്ചോണ്ടിരുന്നപ്പോൾ സിസ്റ്റർ വാതോരാതെ സംസാരിക്കുകയായിരുന്നു..

..എന്റെ മോനെ ഞങ്ങൾ കഴിഞ്ഞയാഴ്ച ഒരു ശവസംസ്കാരത്തിനു പോയിരുന്നു, നമ്മുടെ മഠത്തിലുണ്ടായിരുന്ന മെഴ്സിറ്റ സിസ്റ്ററിന്റെ.. എന്തായിരുന്നു ജനപ്രവാഹം.. അച്ചന്മാരും കന്യസ്ത്രീമാരും, ഹോ എണ്ണിയാൽ തീരില്ല.. മഞ്ചയെല്ലാം പൂക്കൾകൊണ്ട് അലങ്കരിച്ചു.. കണ്ടാ കൊതിയായിപ്പോവും..

ആ അവസാനത്തെ ഡയലോഗ് കേട്ട് ഞാൻ ചിരിച്ചുപോയി.. സംസാരം ഒന്ന് നിറുത്തി ഗ്ലാഡിയമ്മ മുറ്റത്തേക്കിറങ്ങി നടന്നു, പിന്നാലെ ഞാനും.

..മോൻ ഒരിക്കൽ ചോദിച്ചില്ലേ സിസ്റ്ററിനു എന്തിനോടെങ്കിലും മോഹം തോന്നിയിട്ടുണ്ടോന്നു, സത്യത്തിൽ സിസ്റ്ററമ്മക്കു ഒരു ആഗ്രഹം ഉണ്ട്..

..അടിപൊളി, വേഗം പറ എന്റെ സിസ്റ്ററമ്മേടെ ആഗ്രഹം.

..അമ്മ കന്യസ്ത്രീയായിട്ട് ഏതാണ്ട് അറുപത്തഞ്ചു കൊല്ലായി.. ഈ ഉടുപ്പിനുള്ളിൽ കയറിതിനുശേഷം, ഇടയ്ക്കു അപ്പനേം അമ്മേം പിന്നെ ആങ്ങളമാരേം കാണണം എന്നല്ലാതെ ഒരാഗ്രഹവും സിസ്റ്ററമ്മക്ക് ഉണ്ടായിട്ടേയില്ല പക്ഷെ ഇപ്പൊ കുറച്ചുകാലമായി എവിടേലും മരിച്ചടക്കിനു പോയിവരുമ്പോൾ, അവിടുത്തെ അലങ്കാരങ്ങൾ കാണുമ്പോൾ അമ്മയ്ക്കും ഒരു മോഹം. ഞാൻ മരിക്കുമ്പോളും അതുപോലെ കുറെ അച്ചന്മാരും കന്യസ്ത്രീമാരും നിറഞ്ഞ മുറ്റത്തിനു നടുവിൽ, അലങ്കരിച്ച മഞ്ചപെട്ടിക്കുള്ളിൽ നല്ല വെളുത്ത ലില്ലിപ്പൂക്കൾ പുതച്ചു കിടക്കാൻ. ആരുകണ്ടാലും ഒന്ന് മരിക്കാൻ കൊതിക്കുന്നപോലെ അങ്ങനെ കിടക്കാൻ..

എന്തോ ഞാൻ കുറച്ചുസമയം ഒന്നും മിണ്ടാതെ നിന്നുപോയി..

..അതുപോട്ടെ രണ്ടുദിവസം മുമ്പ് ഞാനിത് മോന്റെ ആന്റിയോടുപ റഞ്ഞപ്പോ ആന്റി പറയാ, ലില്ലിപൂവിനൊക്കെ നല്ല ചിലവാകും വേണമെങ്കിൽ തമിഴ്നാട്ടിൽനിന്നും വരുന്ന വെള്ള ജമന്തിപ്പൂവ് വച്ചാൽ പോരെന്ന്..

നിങ്ങളുപറ എങ്ങനെ ചിരിക്കാതിരിക്കും..

ഈ കൊറോണ കാരണം ഒരുമാസത്തിലേറെയായി ആന്റിയെയും ഗ്ലാഡിയമ്മയെയും കാണാൻപോയിട്ട്. പണിയൊന്നുമില്ലാതെ

കാലത്തുതന്നെ ഫോണിൽ തോണ്ടി സമയം കളഞ്ഞിരുന്നപ്പോഴാ ആന്റി ഫോൺ വിളിച്ചത്..

..ആന്റിയുടെ ശബ്ദം എന്താ വല്ലാതിരിക്കണേ..?

..എടാ,.. നമ്മുടെ ഗ്ലാഡിയമ്മ പോയെടാ,.. ഇന്ന് രാവിലെ. കുറച്ചു ലില്ലിപ്പൂവ് കിട്ടോടാ..? വെളുത്ത ലില്ലിപ്പൂവ്..?

..എനിക്കൊന്നു കാണാൻ പറ്റോ ആന്റീ.

..നീ വായോ, പുറത്തു നിന്നാമതി.. അഞ്ചുപേരെയേ ഒരുസമയം കാണിക്കൂ.. കഴിഞ്ഞ ആഴ്ചയെല്ലാം എല്ലാരേയും ഫോൺവിളിയായിരുന്നു. ആരെയും കാണാനാവാതെ ഒരുതരം അവസ്ഥയായിരുന്നു.. ഇടയ്ക്കു മുറ്റത്തിറങ്ങി ചെടികളെയൊക്കെ തലോടി വെറുതെ ചിരിച്ചുനടക്കും.

ഗ്ലാഡിയമ്മയുടെ ജീവനറ്റ ശരീരം കാണാൻ ഞാൻ ആറടി അകലം പാലിച്ചു വരിയിൽ നിന്നു..

അച്ചന്മാരും കന്യസ്ത്രീമാരും തിങ്ങിനിറഞ്ഞ ആൾക്കൂട്ടത്തിനു നടുവിൽ, ലില്ലിപ്പൂക്കൾ പുതച്ചു കിടക്കാൻ മോഹിച്ച ഗ്ലാഡിയമ്മ അഞ്ചാൾക്കു നടുവിൽ മോടി പിടിപ്പിക്കാത്ത മഞ്ചക്കുള്ളിൽ...

ആ മുഖത്തേക്ക് നോക്കിയപ്പോൾ ഗ്ലാഡിയമ്മ എന്നോട് ചോദിക്കുന്ന പോലെ തോന്നി സിസ്റ്ററമ്മേടെ ആഗ്രഹം തെറ്റയിരുന്നോ എന്ന്..

എന്നിട്ടു ആ മോണകാട്ടി ചിരിച്ചോണ്ട് പറയാ..

ലില്ലിപ്പൂ പോയിട്ട് മോന്റെ ആന്റി പറഞ്ഞപോലെ ജമന്തിപ്പൂ പോലും കിട്ടിയില്ലല്ലോന്നു..

ഈ ഗ്ലാഡിയമ്മയിങ്ങനെയാ മരിച്ചു കിടക്കുമ്പോളും നമ്മെ ചിരിപ്പിക്കും..

ഗ്ലാഡിയമ്മയെ നോക്കി ഞാൻ ശരിക്കും ചിരിച്ചുവോ ആവോ... ആരെങ്കിലും അതുകണ്ടു എനിക്ക് വട്ടാണെന്ന് തോന്നിക്കാണുമോ ആവോ..

ഈ ഇത്തിരിക്കോളം പോന്ന കൊറോണ എന്റെ സിസ്റ്ററമ്മേടെ ഒരിത്തിരിക്കോളം പോന്ന ആഗ്രഹം പോലും നടത്തിക്കൊടുക്കാൻ സമ്മതിച്ചില്ലല്ലോ..

എല്ലാം ഒന്ന് കെട്ടടങ്ങുമ്പോൾ പോണം, ഗ്ലാഡിയമ്മയുടെ കുഴിമാടത്തിലേക്കു.. കൈനിറയെ വെളുത്ത ലില്ലിപ്പൂക്കളുമായി.. എന്നിട്ടു സ്വർഗം കേൾക്കുമാറ് ഉച്ചത്തിൽ വിളിച്ചു പറയണം.. ഗ്ലാഡിയമ്മയുടെ മോഹം ഒരിക്കലും തെറ്റായിരുന്നില്ലെന്നു.. ഞങ്ങളുടെ.. ചിരിക്കാൻ മറന്ന മനുഷ്യന്റെ അതിരുകടന്ന മോഹങ്ങളാ സിസ്റ്ററമ്മേടെ കൊച്ചാഗ്രഹം തകർത്തുകളഞ്ഞതെന്ന്.. എന്നിട്ടു ഉറക്കെ ചിരിക്കണം ആരു വേണേലും ചിന്തിച്ചുകൊള്ളട്ടെ എനിക്ക് ഭ്രാന്താണെന്ന്.. ചിരിക്കാൻ കൊതിക്കുന്ന ഭ്രാന്ത്..



# ഭോജനശാലകൾ



Sreekala S.

ഇഷ്ടഭോജ്യങ്ങളാർത്തു ഭുജിക്കുവാൻ
ചെന്നു മുട്ടുവിൻ പുസ്തകശാലയിൽ
തൊട്ടു തൊട്ടു രുചിച്ചു മുന്നേറവേ
തോറ്റിടാതെ കരുത്തരാകുന്നു നാം
രുചികൾ കൊണ്ടു നിറച്ചതാം തട്ടുകൾ
രുചി ഭേദങ്ങൾ നിറച്ചതാം താളുകൾ
ചെന്നറിയുക ചൊല്ലിപ്പകരുക
ചേലിലായവ നല്കിടും മാധുരി
അമൃതമത്രേ പകരുന്നു പുസ്തകം.
ആയതിനാൽ വിശക്കില്ലലൊരിക്കലും.
തിന്നുതിന്നു, തികട്ടീടുമാശയം,
തെല്ലുമേകില്ല ദുർഗ്ഗന്ധമാരിലും.
തീക്ഷ്ണ വ്യഞ്ജന ഗന്ധത്തിൽ നമ്മിലെ
രസ മുകുളങ്ങൾ തെല്ലുതരിക്കിലും.
മധുര സുന്ദര സ്വരമുകുളങ്ങൾ
വന്നലിവു നല്കി വിളമ്പും തൊടുകറി.
തൊട്ടു നാവിൽ നാം വയ്ക്കുന്ന വേളയിൽ
തട്ടി മാറ്റുന്നു പൊയ്ക്കിനാവിൻ മറ.
ഏതുലകിന്റെ കോണിലും വെന്തിടും
പേരറിയാത്ത വിഷമ രുചികളിൽ,
നാമറിയുന്നു വിശപ്പിന്റെയഗ്നിയും
നോവു നീറ്റും കരളിന്റെ വിങ്ങലും
നൂറുനൂറു പ്രണയക്കിനാക്കളും
സ്നേഹ സൗഗന്ധ പുഷ്പവാടങ്ങളും
കാലടികളിൽ പിടയുന്ന ജീവനും
പീഡനങ്ങളിലിടറുന്ന ബാല്യവും
ഉലകിലെങ്ങും നടക്കും കുരുതികൾ
ചുടലയിൽ നിന്നുയിർക്കുന്ന നേരുകൾ
കെട്ടുപോയതാം സാമ്രാജ്യ ദീപ്തികൾ
ചുട്ടെരിച്ചപകതൻകണക്കുകൾ
തൊട്ടറിഞ്ഞും രുചിച്ചും പതുക്കെ നാം
പുസ്തകളിലൂളിയിട്ടീടവേ
മുട്ടുകുത്തി മറഞ്ഞിടാം മുന്നിലെ
വിത്തവർഗ്ഗ വരേണ്യാദി ശക്തികൾ..



# ബ്ലാക്ക് വോൾസ്ട്രീറ്റ് കത്തിച്ചാമ്പലാക്കിയതിന്റെ ശതവാർഷികം



KoraosonVarghese
New York

**"There is separation of colored people from white people in the United States. That separation is not a disease of colored people. It is a disease of white people. I do not intend to be quiet about it." - Albert Einstein.**

**100** വർഷം മുൻപ്, കൃത്യമായി പറഞ്ഞാൽ 1921 ജൂൺ 1 നു, ഒക്കലഹോമയിലെ ടെൽസയിൽ നടന്ന വംശീയ നരനായാട്ട് അമേരിക്കയുടെ ചരിത്രത്തിൽ ലജ്ജിക്കേണ്ട അദ്ധ്യായമാണ്. അതുകൊണ്ടാവണം അമേരിക്കൻ ചരിത്രത്തിൽ നിന്നുതന്നെ 'ടെൾസ കൂട്ടക്കൊല' കൃത്യമായി ചുരണ്ടിക്കളയാൻ ശ്രമം നടന്നിരുന്നു. മുന്നോറോളം കറുത്തവർഗ്ഗക്കാർ കൂട്ടക്കൊലചെയ്യപ്പെടുകയും അവരുടെ വീടുകളും ബിസിന സ് കെട്ടിടങ്ങളും തീവച്ചു നശിപ്പിക്കുകയും ചെയ്ത ആ കറുത്ത ദിനങ്ങൾക്ക് നൂറുവയസ്സ്.

ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം അമേരിക്കൻ സമ്പൽ സമൃദ്ധി വെള്ളക്കാർക്കും മാത്രമല്ല, കറുത്തവർക്കും അവരുടേതായ അമേരിക്കൻ സമൃദ്ധിയുടെ ഇടംപ്രാപ്യമാകുക എന്നതിന് തെളിവായിരുന്നു ഗ്രീൻവുഡ് ഡിസ്ട്രിക്ട്. കറുത്ത സ്വപ്നത്തിനു ഒരിക്കലും അമേരിക്കയിൽ സാധ്യത ഇല്ല എന്ന് തെളിയിക്കുന്നതായിരുന്നു ടെൾസ കൂട്ടക്കൊല. ഇന്നും

ഉത്തരംകിട്ടാത്ത നിരവധിചോദ്യങ്ങൾ അവശേഷിപ്പിച്ചു അമേരിക്കയുടെ വംശീയ എതിർപ്പിന്റെ സ്മാരകശിലയായി അത് അവശേഷിക്കുന്നു.

അമേരിക്കൻ എഴുത്തുകാരൻ ബുക്കർ ടി. വാഷിംഗ്ടൺ 'ബ്ലാക്ക് വാൾസ്ട്രീറ്റ്' എന്ന് വിശേഷിപ്പിച്ച ഗ്രീൻവുഡ് ഡിസ്ട്രിക്റ്റ്, ഒക്കലഹോമയിലെ കറുത്ത വർഗ്ഗക്കാരുടെ ഏറ്റവും സമ്പന്നമായ ഒരു ഇടമായിരുന്നു. വിജയക രമായി നേട്ടം കൊയ്ത കറുത്ത വ്യവസായികളും, ഡോക്ടറന്മാറും ബാങ്കേഴ്സും ഡെന്റിസ്റ്റും ഉദ്യോഗസ്ഥരും നിറഞ്ഞ ഒരു ഇടമായിരുന്നു 1920–നു മുൻപുള്ള ടെൾസ. അതുകൊണ്ടുതന്നെ ബ്രൗൺ സ്റ്റോണിൽ നിർമ്മിച്ച മനോഹരമായ കെട്ടിടങ്ങളും ഇടവഴികളും അവിടെ ദൃശ്യമായിരുന്നു. ഒരു അപ്പർക്ലാസ്സ് സമൂഹത്തിനുവേണ്ട ഭക്ഷണശാലകൾ, ഹോട്ടലുകൾ, ഒപ്പേറ കേന്ദ്രങ്ങൾ, കൺവൻഷൻ സെന്ററുകൾ, അറ്റോർണിസ്, ഇൻഷുറൻസ് ഓഫീസുകൾ, സിനിമാശാലകൾ, പള്ളികൾ, സ്കൂളുകൾ ഒക്കെ അവിടെ പ്രവർത്തിച്ചിരുന്നു. വംശീയ വേർതിരിവ് പ്രകടമായി നിന്നിരുന്ന, കറുത്തവർഗ്ഗക്കാർക്കു പരിമിതമായ സാമ്പത്തീക സാധ്യത മാത്രം നിലനിന്ന കാലത്താണ് ഇത്തരം ഒരു വിജയ കഥ തെളിയിക്കാൻ പതിനായിരം ആളുകൾ മാത്രമുള്ള ടെൾസ ബ്ലാക്ക് സമൂഹത്തിനായത്.

1905 ലെ ഗ്ലെൻപൂൾ എണ്ണ കമ്പനികളുടെ സമൃദ്ധിയാണ് പലയിടത്തുനിന്നും ടെൾസ എന്ന വാഗ്ദത്തദേശത്തേക്കു വൻതോതിൽ ആളുകളുടെ കുടിയേറ്റം ഉണ്ടായത്. വർണ്ണവിവേചനം നിലനിൽക്കുന്നതിനാൽ ഗ്രീൻവുഡ് ഡിസ്ട്രിക്റ്റ്, വെള്ളക്കാരുടെ ടെൽസയിൽ നിന്നും മാറി ഒരുറയിൽവേ ട്രാക്കിനു അപ്പുറത്തായിട്ടാണ് നിലനിന്നത്. അവിടുത്തെ ഡാൻബർ എലിമെന്ററി സ്കൂളും ബുക്കർ ടി. വാഷിംഗ് ടൺ ഹൈസ്കൂളും രാജ്യത്തെ മികച്ച നിലവാരം പുലർത്തുന്ന സ്ഥാപനങ്ങൾ ആയിരുന്നു. കറുത്തവരുടെ ഉടമയിലുള്ള രണ്ടു പത്രങ്ങൾ, ആശുപത്രി, രണ്ടു ഡസനിലേറെ പള്ളികൾ ഒക്കെ ചേർന്ന് സൗത്ത് വെസ്റ്റിലെ നീഗ്രോതലസ്ഥാനം എന്ന് അറിയപ്പെട്ടിരുന്നു ടെൾസ.

**അത് കേട്ട ഒരു വെള്ളക്കാരൻ ക്ലാർക്ക് പോലീസിൽ വിളിച്ചു 'ഒരു നീഗ്രോ, വെള്ളക്കാരിയെ ബലാത്സംഗം ചെയ്യുവാൻ ശ്രമിച്ചു' എന്ന് പറഞ്ഞു. ഡിക്ക് റൗലൻഡ് അപ്പോഴേക്കും ഓടിപോയിരുന്നു. പിറ്റേദിവസത്തിലെ ടെൾസ ട്രിബ്യൂനിൽ 'നീഗ്രോ എലിവേറ്ററിൽ വച്ച് പെൺകുട്ടിയെ ആക്രമിച്ചു' എന്ന വാർത്ത വെള്ളക്കാരിൽ വർഗീയ വിധ്വേഷം ആളിക്കത്തിച്ചു.**

1919 ലെ കറുത്തവർക്കെതിരായ വെള്ളക്കാരുടെ കിരാതമായ റെഡ് സമ്മർ ഭീകര തേർവാഴ്ച്ചയുടെ ഓർമ്മ നിലനിൽക്കെ, സാമ്പത്തീകമായി കിടപിടിച്ചുനിൽക്കാനുള്ള കറുത്തവരുടെ ശ്രമങ്ങളും, അവകാശങ്ങൾക്കും തുല്യതക്കുവേണ്ടിയുള്ള മുറവിളികളും വെള്ളക്കാരെ പ്രകോപിപ്പിച്ചു കൊണ്ടിരുന്നു. 'എല്ലാ ശബ്ദവും ഉയർത്തിപ്പാടുക' എന്ന ബ്ലാക്ക് ദേശീയഗാനം ഒട്ടൊന്നുമല്ല കറുത്തവരുടെ മനസാന്നിധ്യം ഉറപ്പിച്ചത്. ഒന്നാം ലോക മഹായുദ്ധത്തിൽ നിന്നും പിരിഞ്ഞുവന്ന കറുത്ത പട്ടാളക്കാർ വെള്ളക്കാർക്കു ലഭിക്കുന്നതിനു തുല്യമായ മനുഷ്യാവകാശങ്ങൾ ചോദിച്ചുതുടങ്ങി. തീവ്ര വെള്ളക്കാരുടെ സംഘടനായ KKK അത്യധികം ശക്തി പ്രാപിച്ചു വരികയും ചെയ്തു. ട്രാഷ് വൈറ്റ്സ് എന്ന പേരുകേട്ട താഴ്ന്ന വെള്ളക്കാരുടെ വെറുപ്പും പകയും ഒന്നിനൊന്നു കൂടിക്കൊണ്ടിരുന്നു.

1921 മെയ് 30 നു ഒരു സംഭവം ഉണ്ടായി. ഡൗൺടൗൺ ടെൾസയിലുള്ള ഡ്രെക്സിൽ ബിൽഡിങ്ങിൽ എലിവേറ്ററിൽ നിന്നും ഇറങ്ങിവരികയായിരുന്ന, ഷൂ ഷൈൻ ചെയ്യുന്ന 19 വയസ്സുകാരനായ കറുത്തവർഗ്ഗക്കാരൻ ഡിക്ക് റൗലൻഡ് എലിവേറ്റർ ഓപ്പറേറ്റർ ആയിരുന്ന 17 വയസ്സുകാരി വെള്ളക്കാരിയായ സാറ പേജിന്റെ കാലിൽ അറിയാതെ ചവിട്ടുകയും അവർ നിലവിളിക്കുകയും ചെയ്തു. അത് കേട്ട ഒരു വെള്ളക്കാരൻ ക്ലാർക്ക് പോലീസിൽ വിളിച്ചു 'ഒരു നീഗ്രോ, വെള്ളക്കാരിയെ ബലാത്സംഗം ചെയ്യുവാൻ ശ്രമിച്ചു' എന്ന് പറഞ്ഞു. ഡിക്ക് റൗലൻഡ് അപ്പോഴേക്കും ഓടിപോയിരുന്നു. പിറ്റേദിവസത്തിലെ ടെൾസ ട്രിബ്യൂനിൽ 'നീഗ്രോ എലിവേറ്ററിൽ വച്ച് പെൺകുട്ടിയെ ആക്രമിച്ചു' എന്ന വാർത്ത വെള്ളക്കാരിൽ വർഗീയ വിധ്വേഷം ആളിക്കത്തിച്ചു. റൗലൻഡ്നെ അറസ്റ്റ് ചെയ്തു ടെൾസ കൗണ്ടികോർട്ട് ഹൗസ്സിൽ കൊണ്ടുവന്നു. വെള്ളക്കാരുടെ ഒരു വലിയ ജനക്കൂട്ടം റൗലൻഡ്നെ പരസ്യമായി കൈകാര്യം ചെയ്യാൻ തയ്യാറായി കോടതിക്കുചുറ്റും നിലയുറപ്പിച്ചു. ഒന്നാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത കറുത്ത വർഗ്ഗക്കാരും റൗലൻഡ്നെ രക്ഷിക്കാനായി അവിടെയെത്തി. സംഗതി ആർക്കും നിയന്ത്രിക്കാനാവാതെ ആകെ കൈവിട്ടുപോയി.



ഒരു വെള്ളക്കാരനും കറുത്ത മുൻ പട്ടാളക്കാരനും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഒരു വെടി പൊട്ടി, നരകം തുറന്നുവിടുകയായിരുന്നു പിന്നീട്. ഏറ്റവും കിരാതവും ക്രൂരവുമായ നരനായാട്ടാണ് പിന്നെ അരങ്ങേറിയത്. പ്രായമുള്ളവരെ കെട്ടിയിട്ടു വീടിനു തീവച്ചു. എല്ലാവരും പുറത്തു ഇറങ്ങാൻ പറഞ്ഞു പിന്നെ വീടിനു തീയിട്ടുകൊണ്ടിരുന്നു. പെട്രോൾ പ്ലാസ്റ്റിക് കുപ്പിയിലാക്കി തീകത്തിച്ചു വീടുകളിലേക്ക് എറിഞ്ഞുകൊണ്ടിരുന്നു. ചെറിയ വെള്ളക്കാരൻ കുട്ടികൾ പോലും ആളുകളെ വെടിവച്ചു കൊന്നുകൊണ്ടിരുന്നു. കറുത്തവരുടെ പള്ളി, ലൈബ്രറി, ഓഫീസുകൾ സ്കൂളുകൾ ഒക്കെ കത്തിച്ചാമ്പലാക്കി. പലരെയും കൊന്നു വണ്ടിയുടെ പിന്നിൽ കെട്ടി വലിച്ചു കൊണ്ടു നടന്നു. 'ഞാൻ ഇവിടെയുണ്ട് കുട്ടികളെ, കൊല്ലരുത്' എന്നുപറഞ്ഞു രണ്ടു കയ്യും പൊക്കി പുറത്തേക്കു ഇറങ്ങിവന്ന ഡോ. അ .ഇ ജാക്സൺ എന്ന പ്രസിദ്ധനായ നീഗ്രോ സർജനെ വെടിവച്ചു കൊന്നു. കറുത്തവരുടെ ഫ്രിസ് സെൽ മെമ്മോറിയൽ ഹോസ്പിറ്റലും അഗ്നിക്കിരയാക്കി.

ഒരു വെള്ളക്കാരനും കറുത്ത മുൻ പട്ടാളക്കാരനും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഒരു വെടി പൊട്ടി, നരകം തുറന്നുവിടുകയായിരുന്നു പിന്നീട്. ഏറ്റവും കിരാതവും ക്രൂരവുമായ നരനായാട്ടാണ് പിന്നെ അരങ്ങേറിയത്. പ്രായമുള്ളവരെ കെട്ടിയിട്ടു വീടിനു തീവച്ചു.

ഓരോ വരിയിലെ വീടുകളും ഓരോ ബ്ളോക്കിലും തിരഞ്ഞുപിടിച്ചു കത്തിച്ചു ചാമ്പലാക്കി. ആകാശത്തുനിന്നും വരെ ഗ്രീൻവുഡ് ഡിസ്ട്രിക്ട് ആക്രമിക്കപ്പെട്ടു. കറുത്തവരുടെ സമ്പാദ്യങ്ങൾ എല്ലാം തകർന്നു തരിപ്പണമാക്കി. മരണത്തിന്റെ ഗന്ധം അവിടെ തളംകെട്ടി നിന്നു. നാഷണൽ ഗാർഡിലുള്ള പലരും അക്രമികളോടൊപ്പം ചേർന്നതിനാൽ പുറത്തുനിന്നുള്ള നാഷണൽ ഗാർഡ് വന്നാണ് നിയന്ത്രണം ഏറ്റെടുത്തത്. ഒറ്റ വെള്ളക്കാരൻ പോലും പ്രോസിക്യൂട്ട് ചെയ്യപ്പെട്ടില്ല. കറുത്തവർഗ്ഗക്കാരുടെ ഒരു നഷ്ടപരിഹാരവും നൽകിയില്ല. ദുരന്തത്തെ അതിജീവിച്ച പുനർനിർമാണത്തിനു തിരികെയെത്തിയ കറുത്തവർഗ്ഗക്കാർ ഭയന്നു മൗനം പാലിച്ചു. നഗരസമിതി, അമ്പരപ്പിക്കപ്പെട്ട അവരുടെ ചരിത്രം മൂടിവച്ചു. ടെൾസ ട്രിബ്യൂനിൽ അന്ന് വന്ന വിഷലിപ്തമായ വാർത്തകൾ പോലും ലൈബ്രറിയിൽ നിന്നും മുറിച്ചുമാറ്റി. എന്നാലും ഈ കൂട്ടകുരുതിയെ അതിജീവിച്ച വളരെപ്പേർ കഥകൾ പറഞ്ഞുകൊണ്ടിരുന്നു. 76 വർഷത്തിനുശേഷം ഒക്കലഹോമ ഈ കൂട്ടക്കുരുതിയെക്കുറിച്ചു അന്വേഷിക്കാൻ തീരുമാനിച്ചു, അത് എങ്ങുമെത്താതെ അവസാനിപ്പിച്ചു. വർഗ്ഗീയപകയുടെ, അസൂയയുടെ നിണമുണങ്ങിയ ടെൾസയുടെ മണ്ണിനുള്ളിൽ എത്രയോ ആത്മാക്കളുടെ രോദനം തങ്ങിനിൽക്കുന്നു എന്ന് ഇന്നും അറിയില്ല.

വെള്ളക്കാർ നേതൃത്വം നൽകിയ ഹൈവേ പ്ലാനിംഗ് മുഖാന്തരം US ഹൈവേ 75, ക244 എന്ന ഇന്റെർസ്റ്റേറ്റ് ടെൾസയെ കീറിമുറിച്ചു ഒരിക്കലും ഗ്രീൻവുഡ് ഡിസ്ട്രിക്റ്റ് പുനർജനിക്കാതിരിക്കാനുള്ള

# ഹൃദയസഖി



Binoj Menon
Edmonton

ഹൃദയസഖി എൻ പ്രണയമയി നീ മനസ്സിൽ ചേക്കേറിയോ
പുഴയരുകിൽ നീ പ്രണയസ്മിനമായ് എന്നെ തേടിയോ
എന്റെ ഉള്ളിലെങ്ങും നിൻ സ്വപ്നങ്ങളും മോഹങ്ങളും
മധുരമാം മധുരമാം രാഗങ്ങളും (ഹൃദയസഖി)

അയലത്തെ മാവിന്റെ കൊമ്പിൽ ഞാൻ
അറിയാതെ പാടുന്ന കിളിയെ
നീ അറിയുന്ന ശ്രുതിയിൽ പാടൂ
കുളിരേകും പ്രണയഗാനം (ഹൃദയസഖി)

കുളിരേകും കാറ്റിൽ കുളിച്ചു
നാം നിശയിൽ അമ്പിളി കണ്ടു
നക്ഷത്ര കൂടാരം തീർത്തു
അതിലൊന്നായ് നമ്മളലിഞ്ഞു
ഒന്നായി അലിഞ്ഞു നമ്മളൊന്നായ് ചേർന്നു (ഹൃദയസഖി)



**അടഞ്ഞ കണ്ണുകളോടെ ഇറുക്കിപ്പിടിച്ച ചുവന്നു തുടുത്ത മുഖത്തോടെ 'ചൈനീസ് വൈറസ്' എന്ന് ട്രംപ് ആഞ്ഞടിച്ചപ്പോളൊക്കെ, കുറെയേറെ വെള്ളക്കാരുടെ വീടുകളിൽ ബിയർ കുപ്പികൾ എറിഞ്ഞുടക്കുന്നുണ്ടാവാം. രാവിലെ ജോലിക്കു പോകുന്ന ഏഷ്യക്കാരനെ പാഞ്ഞുവരുന്ന ട്രെയിനിന്റെ മുന്നിലേക്ക് തള്ളിയിട്ടു അപ്ര ത്യക്ഷമാകുന്ന ഇരുട്ടിന്റെ ആത്മാക്കൾ ഒരു നിർഗ്ഗമന ദ്വാരത്തിനായി കാത്തിരിക്കയാവാം.**

ഉരുക്കു കോട്ട നിർമ്മിച്ചു. അമേരിക്കയിലെ മികച്ച വൻ ഹൈവേ സംവിധാനങ്ങൾ രൂപ പെട്ടപ്പോഴും നിരവധി സമൂഹങ്ങൾ ബോധപൂർവം പിളർക്കപ്പെട്ടു അതിൽ അമേരിക്കൻ ഇന്ത്യാക്കാരും നീഗ്രോകളും ഉൾപ്പെട്ടിരുന്നു. അമേരിക്കയിൽ ആണവ യുദ്ധം ഉണ്ടായാൽ രക്ഷപെടാനുള്ള സംവിധാനമായാണ് ഭൂമിയിൽ നിന്നും ചന്ദ്രനിലേക്കു പോകാനുള്ള ദൂരത്തിന്റെ പകുതിയിലേറെ നീളത്തിലുള്ള ഗ്രേറ്റ് അമേരിക്കൻ ഹൈവേകൾ നിർമ്മിക്കപ്പെട്ടത്. വൻ ഹൈവേയുടെ ചാരത്തു താഴ്ന്ന വരുമാനക്കാർക്കുള്ള പാർപ്പിട കോളനികളും ലിറ്റിൽ ടൗണുകളും രൂപപ്പെട്ടു. ആദ്യകാലത്തു ആളുകൾക്ക് വലിയ താല്പര്യം ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ ഹൈവേകൾ പൊളിച്ചുമാറ്റി സാധാരണ റോഡുകൾ പുനഃസ്ഥാപിക്കാനുള്ള പദ്ധതികൾ വന്നു തുടങ്ങി.

2021 ജനുവരി 6, അമേരിക്കയെ തിരിച്ചുപിടിക്കാനുള്ള, 'മെയ്ക് അമേരിക്ക ഗ്രേറ്റ് എഗൈൻ' എന്ന ട്രംപീയൻ ഉണർത്തുപാട്ട് അമേരിക്കൻ വെള്ളക്കാരന്റെ മേധാവിത്ത മനഃസ്ഥിതിക്കുള്ള ആശങ്കയുടെ വീർപ്പുമുട്ടലാണെന്നു തിരിച്ചറിയാൻ വലിയ കണക്കുകൂട്ടിന്റെ ആവശ്യമില്ല. പക്ഷെ ഇന്ന് അമേരിക്കയിൽ ബ്ലാക്കും വൈറ്റും തമ്മിൽ മാത്രമല്ല പ്രശ്നങ്ങൾ. ചെറിയ കൂട്ടങ്ങൾ ആണെങ്കിലും സമസ്ത മേഖലകളിലും തങ്ങളുടെ അച്ചടക്കവും ഇഴുകിച്ചേർത്ത കുടുംബ ബന്ധങ്ങളും കൊണ്ട് നേട്ടങ്ങൾ ഉണ്ടാക്കുകയും, അധികാര ശ്രേണികളിൽ പ ടിപടിയായി ഉയർന്നുവരുന്ന ഏഷ്യൻ വംശജർ, യഹൂദ സമൂഹം ഒക്കെ ഇന്ന് ഈ അമേരിക്കൻ ബ്ലാക്ക്-വൈറ്റ് ബെൽറ്റിനു ഭീഷണിയാണെന്ന് അവർ മനസ്സിലാക്കുകയാണ്. ഒബാമ പ്രസിഡന്റ് ആയപ്പോൾ വെള്ളക്കാരൻറെ ഉള്ളിൽ ഒരു അങ്കലാപ്പ് ഉണ്ടായി, ഇപ്പോൾ ഏറ്റവും പ്രധാനപ്പെട്ട കസേരയുടെ ഒരു ശ്വാസത്തിനു അടുത്ത് ഒരു ആഫ്രോ-ഏഷ്യൻ വനിത എത്തി നിൽക്കുന്നത് അവരെ വിരളി പിടിപ്പിക്കാതെയിരിക്കില്ല. വെള്ളക്കാരന്റെ ആത്മാഭിമാനത്തിനു ക്ഷതം സംഭവിച്ചാൽ അവൻ എന്നെങ്കിലും തിരിച്ചടിക്കാതിരിക്കില്ല, അത് സർവ്വനാശത്തിനുള്ള അവസരമായിരിക്കും എന്നാണ് ടെൾസ കൂട്ടക്കൊല വീണ്ടും ഓർമ്മിപ്പിക്കുന്നത്.

അടഞ്ഞ കണ്ണുകളോടെ ഇറുക്കിപ്പിടിച്ച ചുവന്നു തുടുത്ത മുഖത്തോടെ 'ചൈനീസ് വൈറസ്' എന്ന് ട്രംപ് ആഞ്ഞടിച്ചപ്പോളൊക്കെ, കുറെയേറെ വെള്ളക്കാരുടെ വീടുകളിൽ ബിയർ കുപ്പികൾ എറിഞ്ഞുടക്കുന്നുണ്ടാവാം. രാവിലെ ജോലിക്കു പോകുന്ന ഏഷ്യക്കാരനെ പാഞ്ഞുവരുന്ന ട്രെയിനിന്റെ മുന്നിലേക്ക് തള്ളിയിട്ടു അപ്രത്യക്ഷമാകുന്ന ഇരുട്ടിന്റെ ആത്മാക്കൾ ഒരു നിർഗ്ഗമന ദ്വാരത്തിനായി കാത്തിരിക്കയാവാം. തിരിച്ചടിക്കാൻ ശേഷിയില്ലാത്ത ഏഷ്യക്കാരുടെ സമ്പത്ത് അമേരിക്കയിൽ എത്രമാത്രം സുരക്ഷിതമായിരിക്കും എന്നു കാലംതെളിയിക്കും. സേനയിലും പോലീസിലും അഗ്നിശമനസേന യും ഒക്കെ 'ലോവർ വൈറ്റ്സ്' പിടിമുറിക്കി നിൽക്കുമ്പോൾ, അവിടേക്കു കടന്നുകയറാൻ ഏഷ്യക്കാർ വിമുഖത കാട്ടുകയും ചെയ്യുമ്പോൾ അമേരിക്കൻ വർഗ്ഗീയ ചേരിതിരുവുകളുടെ പശ്ചാത്തലത്തിൽ ആശങ്കപ്പെടാതെ തരമില്ല.

ടെൾസയിലെ വേർതിരിക്കപ്പെട്ട സാമൂഹിക വികസന തന്ത്രം ഗ്രീൻവുഡ് ബ്ലാക്ക് വിജയകഥയുടെ അടിത്തറയായെങ്കിൽ, അതിനെ വെട്ടിവിഭജിക്കാൻ ദേശീയ ഹൈവേകൾ രൂപംകൊള്ളും. എന്നാൽ 'ജെൻട്രിഫിക്കേഷൻ' എന്ന ഓമനപ്പേരിൽ വെള്ളക്കാർ അവർക്കുമാത്രം ഉള്ള സങ്കേത ങ്ങൾ എല്ലാ നഗരത്തിലും ഉണ്ടാക്കിക്കഴിഞ്ഞു. അവിടെ കറുത്തവനോ സാധാരണ ഏഷ്യക്കാരനോ താങ്ങാനാവുന്ന ജീവിതനിലവാരവും സൗകര്യങ്ങളും അല്ല ഒരുക്കിയിരിക്കുന്നത്. ഒരു പക്ഷേ നൂറു വർഷത്തിനുശേഷം മേലേക്കിടയിലുള്ള വെള്ളക്കാരനും അത്തരം ഒരു സെഗ്രിഗേറ്റഡ് കമ്മ്യൂണിറ്റിയിൽ സുരക്ഷിതരായി ഉണ്ടാകാവുന്ന വംശീയ ആക്രമണങ്ങളിൽ പങ്കെടുക്കാതെ കാഴ്ചക്കാരനായി നിൽക്കുന്നവൻ ആയിരിക്കും. അതിനു പുറത്തു എന്തൊക്കയാവും സംഭവിക്കുക എന്നതിനു കാലം മാത്രം കാത്തുനിൽക്കുന്നു. ■

# കടപയാദി



Dr. V. Sam Prasad

**എന്റെ കൂടെ നീ വരുന്നത് കൊള്ളാം, പക്ഷെ അവിടെ ചെന്ന് ''കമ'' എന്ന് ഒരക്ഷരം മിണ്ടിപ്പോകരുത്...**

''ഈ വാചകം നമ്മളിൽ പലരും ഇത് കേട്ടിട്ടുണ്ട്/പറഞ്ഞിട്ടുണ്ട്...''

എന്താണ് ഈ കമ?

ഒരക്ഷരം ആണോ..?

അതോ ഒരു വാക്കോ..?

കേരളത്തിൽ പണ്ട് ഉണ്ടായിരുന്ന/ഉപയോഗിച്ചിരുന്ന ഒരു അക്ഷര സംഖ്യാ കോഡ് ആണ് കടപയാദി അഥവാ പരൽപ്പേര് അഥവാ അക്ഷരസംഖ്യ എന്നത്..

**കടപയാദി**
സംഖ്യകൾക്ക് പകരം അക്ഷരങ്ങൾ ഉപയിഗിക്കുന്ന ഒരു ആശയവിനിമയ സമ്പ്രദായമാണിത്. മലയാളത്തിലെ അൻപത്തിയൊന്ന് അക്ഷരങ്ങൾക്ക് പകരം പൂജ്യം മുതൽ ഒൻപതുവരെയുള്ള അക്കങ്ങൾ നൽകി എഴുതുന്ന ഒരു രീതിയാണ് ഇത്. സംഖ്യകളെ എളുപ്പം ഓർത്തു വയ്ക്കത്തക്ക വിധം വാക്കുകൾ ആയും/കവിതകൾ ആയും മാറ്റി എഴുതുന്ന ഈ സമ്പ്രദായം.

പ്രധാനമായും ഗണിതശാസ്ത്രം/ജ്യോതിശാസ്ത്രം/തച്ചുശാസ്ത്രം/ആയുർവേദം എന്നീ മേഖലകളിലാണ് ഉപയോഗിച്ചിരുന്നത്. യുദ്ധ വേളകളിൽ മാർത്താണ്ഡവർമ്മ/പാലിയത്തച്ഛൻ എന്നിവർ രഹസ്യ സന്ദേശങ്ങൾ കൈമാറിയിരുന്നത് കടപയാദി രേഖകളിൽ ആയിരുന്നു എന്ന് കേട്ടിട്ടുണ്ട്.

**താഴെ കാണുന്ന പ്രകാരമാണ് കോഡിങ് നടത്തുന്നത്:**

| കടപയാദി - അക്ഷരവും വിലയും | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | | | | | |
| യ | ര | ല | വ | ശ | ഷ | സ | ഹ | ള | ഴ, റ |

സ്വരാക്ഷരങ്ങൾക്ക് എല്ലാം പൂജ്യം ആണ് മൂല്യം. കൂട്ടക്ഷരങ്ങളിൽ അവസാനത്തെ അക്ഷരത്തിനു മാത്രം വില.

**ഉദാഹരണം:** ക്ത എന്നതിൽ ''ത'' ക്ക് മാത്രം വില. ചില്ലക്ഷരങ്ങൾക്ക് വിലയൊന്നുമില്ല. ഈ കൺവേർഷൻ നടത്തിയതിനു ശേഷം അർത്ഥവത്തായ വാക്കുകൾ ഉണ്ടാക്കി വലത്തു നിന്നും ഇടത്തേക്ക് വായിക്കുക.

ഇത് പ്രകാരം ''**കമ**'' എന്നത്

**ക1 മ5–തിരിച്ചു വായിച്ചാൽ 51**

**മലയാളത്തിലെ 51 അക്ഷരങ്ങളിൽ ഒരക്ഷരം പോലും മിണ്ടരുത് എന്നാണ് കല്പന...**

**ഇത് പ്രകാരം ഉദാഹരണങ്ങൾ നോക്കുക:**

കമലം: 351 (ക1/മ5/ല3)
ഭാരതം: 624 (ഭ4/ര2/ത6)
രഹസ്യം: 182 (ര2/ഹ8/യ1)
രാജ്യരക്ഷ : 6212 (ര2/യ1/ര2/ഷ6)

**1. ഇംഗ്ളീഷ് മാസങ്ങളിലെ ദിവസങ്ങളുടെ എണ്ണം കൊടുങ്ങല്ലൂർ കുഞ്ഞികുട്ടൻ തമ്പുരാൻ തന്റെ ശ്ലോകത്തിലൂടെ പറഞ്ഞിരിക്കുന്നത് നോക്കുക:**

''പലഹാരേ പാലു നല്ലൂ
പുലർന്നാലോ കലക്കിലാം
ഇല്ല പാലെന്നു ഗോപാലൻ
ആംഗ്ലമാസം ദിനം ക്രമാൽ''

ഇവിടെ പല31/ഹാരേ28/പാലു31/നല്ലൂ30
പുലർ31/ന്നാലോ30/കല31/ക്കിലാം31
ഇല്ല30/പാലെ31/ന്നുഗോ30/പാലൻ31

**എത്ര രസകരമായ/മനോഹരമായ അവതരണം.**


**2. കർണ്ണാടക സംഗീതത്തിലെ എഴുപത്തിരണ്ട് മേളകർത്താ രാഗങ്ങളുടെ പേരുകൾ കടപയാദിയിൽ ആണെന്ന് നമ്മുക്ക് എത്ര പേർക്കറിയാം...?**

**ഉദാഹരണങ്ങൾ:**

കനകാംഗി: ക1 ന0 = ഒന്നാമത്തെ രാഗം.
ഖരഹരപ്രിയ: ഖ2 ര2 = ഇരുപത്തി രണ്ടാമത്തെ രാഗം.
ധീരശങ്കരാഭരണം: ധ9 ര2 = ഇരുപത്തി ഒൻപതാമത്തെ രാഗം.
ഹരി കാംബോജി: ഹ8 ര2 = ഇരുപത്തിഎട്ടാമത്തെ രാഗം.

**3. കലിവർഷം/കൊല്ലവർഷം/ക്രിസ്തുവർഷം എന്നിവയുടെ കൺവേർഷൻ നടത്തുന്നത് കാണുക.**

''കൊല്ലത്തിൽ തരളാംഗത്തെ കൂട്ടിയാൽ കലിവത്സരം
കൊല്ലത്തിൽ ശരജം കൂട്ടി ക്രിസ്ത്വബ്ദം
കണ്ടുകൊള്ളണം.''
തരളാംഗം: 3926
ശരജം: 825




കൊല്ലവർഷത്തോട് 3926 കൂട്ടിയാൽ കലിവർഷവും/825 കൂട്ടിയാൽ ക്രിസ്തു വർഷവും ലഭിക്കും.

**4. വിദ്യാരംഭത്തിൽ കുറിക്കുന്ന ''ഹരിശ്രീ ഗണപ തയെ നമ'' എന്ന ശ്ലോകം കടപയാദിയിലേക്ക് മാറ്റിയാൽ മലയാള ഭാഷയിലെ അക്ഷരങ്ങളുടെ എണ്ണം ലഭിക്കുമെന്ന് കാണാം. (അമ്പത്തൊന്നക്ഷരാളീ.)**

ഹരി 28/ശ്രീ2/ഗ3/ണ5/പ1/ത6/യ1/ന0/മ5

**28+2+3+5+1+6+1+0+5=51**

**5. മേൽപ്പത്തൂർ നാരായണ ഭട്ടതിരി തന്റെ കൃതിയായ ''നാരായണീയം'' അവസാനിപ്പിക്കുന്നത് ''ആയുരാരോഗ്യ സൗഖ്യം കൃഷ്ണാ'' എന്നു പറഞ്ഞു കൊണ്ടാണ്. ഇതിൽ ''ആയുരാരോഗ്യ സൗഖ്യം'' എന്നത് കടപയാദി സംഖ്യ പ്രകാരം 1712210 ആണ്.**

ഈ കലിദിന സംഖ്യക്ക് തുല്യമായ കൊല്ല വർഷദിനം 762 വൃശ്ചികം 28. മേൽപ്പത്തൂർ ''നാരായണീയം'' എഴുതി പൂർത്തിയാക്കിയ ദിവസം.

**6. മഹാകവി ഉള്ളൂർ മരിച്ചപ്പോൾ കൃഷ്ണവാരിയർ എഴുതിയ ശ്ലോകത്തിന് പേര് നൽകിയത് ''ദിവ്യ തവ വിജയം'' എന്നാണ്.**

(ദ8/യ1/ത6/വ4/വ4/ജ8/യ1) 1844619 എന്ന കലി ദിന സംഖ്യ ക്രിസ്തു വർഷമാക്കിയാൽ 1949 ജൂൺ 15 – ആണ് ലഭിക്കുക.

ഉള്ളൂരിന്റെ ചരമദിനം...!!!

**7. ഗണിതശാസ്ത്രത്തിലെയും/ ജ്യോതിശാസ്ത്രത്തിലെയും ചില കണക്കുകൾ നോക്കുക.**

- അനന്തപുരി–21600=വൃത്തത്തിന്റെ അംഗുലർ ഡിഗ്രി 360X60.
- അനൂനനൂന്നാനനനുന്നനിത്യം (1000000000000000) വ്യാസമുള്ള ഒരു വൃത്തത്തിന്റെ പരിധി/ചണ്ഡാം ശുചന്ദ്രാധമകുംഭിപാല (31415926536) ആയിരിക്കും എന്ന്. പൈ യുടെ മൂല്യം പത്തു ദശാംശസ്ഥാനങ്ങൾക്കു ശരിയായി ഇതു നൽകുന്നു.
- **ഭൂമിയുടെ അംഗുലർ വെലോസിറ്റി** – ''ഗോപാജ്ഞയാ ദിനധാമ'' ഗ3/പ1/ഞ0/യ1/ദ8/ന0/ധ9/മ5. അതായത് 59 മിനിറ്റ്/ 08 സെക്കന്റ്/10 ഡെസി സെക്കന്റ്/13 മൈക്രോ സെക്കന്റ്.

നമ്മുടെ നാടിന്റെ പൈതൃകമായ അത്ഭുതാവഹമായ ഇത്തരം അറിവുകൾ എത്ര പേർക്കറിയാം? ■

# മിഥുനക്കാറ്റ്



Unnikrishnan Meetna

പുഴയിൽ നോക്കി പൂ ചൂടും
പൂവാകക്കൊമ്പത്ത്
പുതുമഴയുടെ
ധിമിധിമിയോതും
നീർമണിമുത്ത്
ആ മുത്തിൽ പുളകത്തിൻ ആദ്യവിത്ത്
ആ-വിത്തുഴുത് വിതച്ചാലെങ്ങും
ആവേശത്തുടികൊട്ട്
തുടികൊട്ട്...



SOUTH INDIAN KITCHEN
Savoy's
Always Fresh & Healthy
facebook.com/savoyskitchen
AUTHENTIC SOUTH INDIAN CUISINE
EXPECT THE BEST SOUTH INDIAN FOOD
DINING | TAKE OUT | CATERING
SAVOYS SOUTH INDIAN KITCHEN
4655 54 Ave NE, #102, Calgary, AB T3J 3Z4 Tel: 587-623-7888
www.savoyscalgary.com




B & B GROCERIES INC
FREE HOME DELIVERY IN CALGARY
Guranteed lowest price in Calgary
Matta Rice (all Kerala brands), Frozen items (all kinds of fish vegetables, Malabar porotta, grated coconut, casava etc.)' Puttu podi, lentils, jaggery, sesame oil, coconut oil, ghee & snacks etc.
Security Camera Installation
Contact for price list: 587 894 2516
We undertake home renovations & maintenance




Akhila Binoj
Edmonton








Anfil Rafeek
Calgary





Austin Tom Shibu
Calgary







Angel Shibu
Calgary



Tiyana Paul
Calgary







Jennifer James
Edmonton





Ryan Tinson
Calgary



Ann Santhosh Joseph
Fort McMurray




# YOUNG TALENTS



Adwaith Sasidharan
Calgary





Deon Rijesh
Calgary

# Major Sports Events in the World, June-August 2021


















**The Tokyo Summer Olympic Games will be held from July 23 to August 8, 2021. CBC Sports will telecast the event in Canada**

**The tournament, being held in 11 cities in 11 UEFA countries from June 11 - July 2021. TSN Cananda will broadcast all live matches in Canada**

**The 2021 Copa America will be held in Brazil from June 13 - July 10. TSN Canada will broadcast all live matches in Canada**

# കോവിഡ് -19 Quarantine സമയത്തും അല്ലാതെയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**കേരളാ ഡിസാസ്റ്റർ ഹെൽപ് ഡെസ്ക് തയാറാക്കിയ അറിയിപ്പ്**



















# YOUR SPACE IS GUARANTEED

**Here's your opportunity to advertise with us!**

If you would like to publish your advertisement in the IAPC Alberta Chronicle, please contact us at **iapcalberta@gmail.com** or call us at **+1 587 777 8182**

IAPC ALBERTA CHRONICLE

www.iapcalberta.com




www.facebook.com/dbrandcreative

*Conditions apply